# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കഠിനംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.14/2141/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 17/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കഠിനംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.14/2141/2022 തീയ്യതി: 17/03/2023

## തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 64 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 42 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 08-11-2022 | 19-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2022 | 19-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പി എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി ശ്രീദേവി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അൻവർ രാജ് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അമലാദേവ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അജിത അനി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ രാജേഷ് ജെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രീതി പ്രഭാകരൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷെറിൻ എസ് മസൂദ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അനിത ആർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ വന്ദന | വെറ്ററിനറി സർജൻ | 01-04-2021 | 24-11-2021 |
| ഡോ സ്മിത തോമസ് പി | വെറ്ററിനറി സർജൻ | 25-11-2021 | 31-03-2022 |
| ശ്രീമതി ലീന ആന്റണി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2021 | 31-03-2022 |
| ശ്രീ അഭിലാഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2021 | 19-07-2021 |
| ശ്രീമതി അൻസ എ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 20-07-2021 | 31-03-2022 |
| ശ്രീ അനൂപ് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ III | 01-04-2021 | 31-03-2022 |
| ഡോ ഗോഡ്ഫ്രെ ലോപ്പസ് | മെഡിക്കൽ ഓഫീസർ, PHC | 01-04-2021 | 31-03-2022 |
| ഡോ സിമി ദിവാൻ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി താഹിറ ബീവി | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി ഗീതുമോൾ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ സനൽ കുമാർ എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-05-2021 |
| ശ്രീമതി ലത കൃഷ്ണൻ | അസിസ്റ്റന്റ് സെക്രട്ടറി(ചാർജ്ജ്) | 01-06-2021 | 12-07-2021 |
| ശ്രീ രതീഷ് കുമാർ റ്റി കെ | അസിസ്റ്റന്റ് സെക്രട്ടറി | 13-07-2021 | 31-12-2021 |
| ശ്രീമതി ലത കൃഷ്ണൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-01-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | പ്രധാന രേഖകള്‍ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലില്‍ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് അവലോകനം നടത്തുന്നതില്‍ വീഴ്ച | 1-1-2 |
| 4 | ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയില്‍ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും ചെലവ് ചെയ്തു | 1-1-3 |
| 5 | വാര്‍ഷിക ധനകാര്യ പത്രിക | 1-2 |
| 6 | വാര്‍ഷിക ധനകാര്യ പത്രിക -അപാകങ്ങള്‍ | 1-2-1 |
| 7 | ഗ്രാന്റ് വിനിയോഗം | 1-3 |
| 8 | പദ്ധതി അവലോകനം | 1-4 |
| 9 | ക്ഷേമപദ്ധതികള്‍ | 1-5 |
| 10 | സാമൂഹ്യ സുരക്ഷാ പെന്‍ഷന്‍ - മരണശേഷവും പെന്‍ഷന്‍ നല്‍കി | 1-5-1 |
| 11 | സാമൂഹ്യ സുരക്ഷാ പെന്‍ഷന്‍ - സേവന ഡാറ്റാ ബേസില്‍ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല | 1-5-2 |
| 12 | സര്‍വ്വീസ് പെന്‍ഷന്‍/ഫാമിലി പെന്‍ഷന്‍ വാങ്ങുന്നവര്‍ അനധികൃതമായി സാമൂഹ്യസുരക്ഷാ പെന്‍ഷനുകള്‍ കൈപ്പറ്റി | 1-5-3 |
| 13 | ക്ഷേമപദ്ധതി - രജിസ്റ്ററുകളുടെ പരിപാലനം | 1-5-4 |
| 14 | ക്യാഷ് ബാലന്‍സ് പരിശോധന | 1-6 |
| 15 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 16 | കൃഷി ഓഫീസര്‍ ഉപയോഗിച്ചിരുന്ന രസീതുകള്‍ കൈകാര്യം ചെയ്തതില്‍ അപാകത | 1-8 |
| 17 | പാലിയേറ്റീവ് കെയര്‍ വാഹനത്തിന്റെ ലോഗ് ബുക്കിലെ അപാകത | 1-9 |
| 18 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 1-10 |
| 19 | ലൈസന്‍സ് - അപേക്ഷകള്‍ പൂര്‍ണ്ണമല്ല | 1-10-1 |
| 20 | റേഷന്‍കടകള്‍ ലൈസന്‍സ് ഇല്ലാതെ പ്രവര്‍ത്തിക്കുന്നു | 1-11 |
| 21 | യന്ത്രങ്ങളുടെ ഫീസ് ഈടാക്കുന്നതില്‍ അപാകത | 1-12 |
| 22 | അനുവദിക്കേണ്ട ലൈസന്‍സ് കാലയളവില്‍ അപാകത | 1-13 |
| 23 | വസ്തു നികുതി - വിവിധ അപാകങ്ങള്‍ | 1-14 |
| 24 | 60 ചതുരശ്ര മീറ്റര്‍ വരെ വിസ്തീര്‍ണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകത | 1-14-1 |
| 25 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ നികുതി ഈടാക്കുന്നില്ല | 1-14-2 |

| | | |
|---|---|---|
| 26 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം | 1-14-3 |
| 27 | നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി അനർഹമായി ഇളവ് നൽകി | 1-14-4 |
| 28 | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയ്ക്ക് നികുതി ഇളവ് നൽകിയതിൽ അപാകത | 1-14-5 |
| 29 | കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയം നടത്തി ഡിമാന്റ് ചെയ്തിട്ടില്ല | 1-14-6 |
| 30 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക | 1-14-7 |
| 31 | കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും പിരിച്ചെടുത്തിട്ടില്ല | 1-14-8 |
| 32 | കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച അപാകതകൾ | 1-14-9 |
| 33 | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകലും വസ്തുനികുതി നിർണയവും - ഫയൽ സൂക്ഷിപ്പിലെ അപാകങ്ങൾ | 1-14-10 |
| 34 | വസ്തു നികുതി-രജിസ്റ്റർ പരിപാലനം | 1-14-11 |
| 35 | റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു | 1-14-12 |
| 36 | തൊഴിൽ നികുതി | 1-15 |
| 37 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15-1 |
| 38 | തൊഴിൽ നികുതി- വിവിധ അപാകതകൾ | 1-15-2 |
| 39 | പരിസ്ഥിതി സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കണം | 1-16 |
| 40 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല | 1-17 |
| 41 | സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ രജിസ്ട്രേഷൻ-അപാകങ്ങൾ | 1-18 |
| 42 | സോളാർ എൽ ഇ ഡി സ്ഥാപിക്കൽ - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല – 10,21,204/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 43 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല – 13518185/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 44 | തെരുവുവിളക്ക് മെയിന്റനൻസ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-21 |
| 45 | റോഡ് കട്ടിംഗ് ചാർജ്ജസ് വാട്ടർ അതോറിട്ടിക്ക് നൽകിയത് - 537175/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 46 | നിക്ഷേപപ്രവൃത്തികൾക്ക് കരാർ - മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | 1-23 |
| 47 | നിർവ്വഹണോദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ് | 1-24 |
| 48 | പൊതു കമ്പോസ്റ്റ് കുഴി നിർമ്മാണം (എം.ജി.എൻ.ആർ.ഇ.ജി.എസ്.പദ്ധതി) ലക്ഷ്യം പൂർത്തീകരിച്ചില്ല | 1-25 |
| 49 | അപേക്ഷകളിൻമേൽ പരിശോധന ഇല്ലാതെ ആനുകൂല്യം അനുവദിച്ചു | 1-26 |
| 50 | എം.ജി.എൻ.അർ.ഇ.ജി.എസ്സ്. രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ | 1-27 |

| | | |
|---|---|---|
| | അപാകത | |
| 51 | ഗ്രാമ പഞ്ചായത്തിൽ ജോയിന്റ് കമ്മിറ്റികൾ രൂപീകൃതമായിട്ടില്ല | 1-28 |
| 52 | പ്രതിമാസ റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് യഥാസമയം സമർപ്പിക്കുന്നില്ല | 1-29 |
| 53 | ഹരിതകർമ്മസേനയുടെ പ്രവർത്തനം | 1-30 |
| 54 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ ക്യാഷ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല | 1-31 |
| 55 | എസ് സി പി പ്രോജക്ട് - ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-32 |
| 56 | എസ് സി പെൺകുട്ടികൾക്ക് വിവാഹധനസഹായം - ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ് | 1-33 |
| 57 | പാഥേയം പ്രോജക്ടുകളിലെ അപാകതകൾ | 1-34 |
| 58 | യഥാസമയം ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിൽ വീഴ്ച | 1-34-1 |
| 59 | ജില്ലാ പഞ്ചായത്ത് വിഹിതം യഥാസമയം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ് | 1-34-2 |
| 60 | ലൈഫ് ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-35 |
| 61 | ഹരിതകർമ്മസേന പ്രോജക്ട് അപാകതകൾ | 1-36 |
| 62 | ബില്ലും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല - 68,432/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-37 |
| 63 | വാല്യുവേഷൻ തുകയിൽ നിന്നും അധികരിച്ച് നൽകിയ ധനസഹായം 100000/- രൂപ തടസ്സപ്പെടുത്തുന്നു | 1-38 |
| 64 | ഭവന പുനരുദ്ധാരണം പൂർത്തിയാക്കാത്തത് സംബന്ധിച്ച് | 1-39 |
| 65 | ലൈഫ് ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല – തുക തിരികെ ഈടാക്കേണ്ടതാണ് | 1-40 |
| 66 | മരാമത്ത് പ്രവൃത്തി - പൊതുവായ അപാകതകൾ | 1-41 |
| 67 | യഥാസമയം കരാർ വച്ചില്ല – പിഴ തുക 11,655/- രൂപ ഈടാക്കിയില്ല | 1-42 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി. | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

കഠിനംകുളം ഗ്രാമ പഞ്ചായത്തിന്റെ 2021-22-ലെ ബജറ്റ് 23.02.2021-ലെ 1(1) ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചു.

പ്രതീക്ഷിത വരവ് മുന്നിരിപ്പ് ഉൾപ്പെടെ 555669320/- രൂപയും, പ്രതീക്ഷിത ചെലവ് 544200381/- രൂപയും, നീക്കിയിരിപ്പ് 11468939/- രൂപയുമാണ്.

### 1-1-1 പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.46 ന മറുപടി ലഭ്യമായില്ല.

### 1-1-2 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് അവലോകനം നടത്തുന്നതിൽ വീഴ്ച

2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2021-22 സാമ്പത്തിക വർഷത്തെ സംബന്ധിച്ച് ) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല.

മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 46 ന മറുപടി ലഭ്യമായില്ല.

### 1-1-3 ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും ചെലവ് ചെയ്തു

ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിൽ വകയിരുത്തിയതിനേക്കാൾ അധികം തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൗണ്ട് | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | Salaries | 2101001 | 12500000 | 10000000 | 11464963 |

| | | | | | |
|---|---|---|---|---|---|
| 2 | Repairs And Maintenance- Electricity | 2305007 | 150000 | 150000 | 160724 |
| 3 | Agriculture And Related Sectors- Other Crops | 2501002 | 275000 | 275000 | 1453085 |
| 4 | Agriculture And Related Sectors- Fisheries | 2501006 | 0 | 0 | 79762 |
| 5 | Agriculture And Related Sectors- Agriculture Related Facilities | 2501026 | 0 | 0 | 271650 |
| 6 | Animal Husbandry- Calf | 2501034 | 700000 | 700000 | 750000 |
| 7 | Animal Husbandry- Poultry | 2501035 | 250000 | 250000 | 512400 |
| 8 | Dairy Development – Storage And Marketing | 2501046 | 900000 | 900000 | 1247259 |
| 9 | Inland - Pisciculture | 2501052 | 0 | 100000 | 158620 |
| 10 | Fisheries Infrastructure | 2501061 | 500000 | 500000 | 1056454 |
| 11 | Fisheries Related Facilities | 2501062 | 2000000 | 97488 | 416538 |
| 12 | Minor Irrigation- Providing Individual Facilities | 2502004 | 0 | 0 | 104740 |
| 13 | Public Health Programmes | 2512002 | 355000 | 5327567 | 5399165 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 46 ന മറുപടി ലഭ്യമായില്ല.

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ആവശ്യമായ ബജറ്റ് വകയിരുത്തൽ ഇല്ലാതെ യാതൊരു ചെലവും ചെയ്യാൻ പാട്ടുള്ളതല്ലെന്ന് കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(6), 214(8) എന്നിവയിൽ സൂചിപ്പിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തെ പ്രതീക്ഷിത വരവു-ചെലവുകൾ കണക്കിലെടുത്തു ബജറ്റ് തയ്യാറാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതോടൊപ്പം ബജറ്റിനെ അതിലംഘിക്കുന്ന ചെലവുകൾ ഉണ്ടാകാതിരിക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 22.07.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രിക -അപാകങ്ങൾ

1. ഗ്രാന്റുകൾ/ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നതിൽ നടപടി സ്വീകരിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിലെ ബി-4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ഹെഡുകളിലുള്ള ഗ്രാന്റുകൾ/ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|---|
| 1 | 320200207 | 300000 |
| 2 | 320200399 | 125000 |
| 3 | 320700205 | 194703 |
| 4 | 320700405 | 19847 |

മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 46 ന ടി തുകയ്ക്ക് ആനുപാതികമായ പ്രോജക്ടുകൾ സുലേഖയിൽ നൽകി ചെലവഴിക്കുന്നതും ബാക്കി തുക തിരിച്ചടവാക്കുന്നതുമാണെന്നാണ് മറുപടി നൽകിയത്. തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല -ഡെപ്പോസിറ്റുകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല.

2021-22 സാമ്പത്തിക വർഷത്തെ B-7, RP-34(വരവ്), RP-34(ചെലവ്), 2021-22 സാമ്പത്തിക വർഷത്തെ B-7 എന്നീ ഷെഡ്യൂളുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ

ചേർക്കുന്നു.

| ക്രമ നം. | ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | Contractors EMD | 560318 | 219802 | 248310 | 531810 |
| 2 | Suppliers EMD | 56138 | 64000 | 72126 | 48012 |
| 3 | Bidders EMD | 123211 | 154388 | 84294 | 193305 |
| 4 | Contractors Security Deposit | 159657 | 15912 | 0 | 175569 |
| 5 | Suppliers Security Deposit | 7500 | 0 | 0 | 7500 |
| 6 | Bidders Security Deposit | 21400 | 0 | 0 | 21400 |
| 7 | Contractors Retention | 130015 | 118640 | 196179 | 52476 |
| 8 | Auction Deposit | 5800 | 0 | 0 | 5800 |
| 9 | Election Deposit (Candidate) | 90500 | 0 | 24000 | 66500 |
| 10 | Deposit Received From Others | 42500 | 0 | 0 | 42500 |

Deposit Received From Others,Bidders Security Deposit, Suppliers Security Deposit, Auction Deposit എന്നീ ഇനങ്ങളിൽ നീക്കിയിരിപ്പ് തുക 2020-21 മുതൽ നീക്കിയിരിപ്പുള്ള തുകയാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ലാത്തതിനാൽ മേൽ ഡെപ്പോസിറ്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കുന്നതിനും ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരമുള്ള തുകകളിൽ 3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 2 ന ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കുന്നതാണെന്നും കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികൾ നടപ്പ് സാമ്പത്തിക വർഷം സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. തുടർനടപടി വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3. Benificiary Contributions ഇനത്തിൽ 738107 രൂപ നീക്കിയിരിപ്പുണ്ട് - നടപടി സ്വീകരിച്ചിട്ടില്ല.

B-4 ഷെഡ്യൂൾ പ്രകാരം Benificiary Contributions ഇനത്തിൽ 738107/- രൂപ നീക്കിയിരിപ്പുണ്ട്. ആയത് ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതാണെന്നും. ആയത് നീക്കിയിരിപ്പായതിന് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 2 ന ഗുണഭോക്തൃ വിഹിതം ഇനത്തിൽ മുൻവർഷത്തെ പ്രാരംഭ ബാക്കിയും നടപ്പ് സാമ്പത്തിക വർഷംചെലവഴിക്കാത്ത പ്രൊജക്ട് നം. 108/22 ബയോകംപോസ്റ്റ് ബിന്നിന്റെ തുകയുമാണ് ഇതെന്നാണ് വിശദീകരിച്ചിട്ടുള്ളത്. Beneficiary Contribution ഇനത്തിൽ നീക്കിയിരിപ്പായ തുക സ്പിൽ ഓവർ പദ്ധതികളായി നടപ്പിലാക്കി ചെലവഴിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

4. ചെലവഴിക്കാത്ത തുകകളിൻമേൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ് .

A) Treasury Account - Covid (799012900000769) എന്ന അക്കൗണ്ടിൽ 2020-21 മുതൽ ഇടപാടുകൾ നടന്നിട്ടില്ല. ഇതിൽ 161598 രൂപ നീക്കിയിരിപ്പുണ്ട്. ടി അക്കൗണ്ട് ഏതാവശ്യത്തിനു വേണ്ടിയാണ് തുടങ്ങിയതെന്നും ഇപ്പോൾ ഈ അക്കൗണ്ടിൽ ഇടപാടുകൾ നടക്കാതിരിക്കുന്നതിന്റെ കാരണവും വ്യക്തമാക്കുന്നതിന് നൽകിയ എൻക്വയറി നമ്പർ 5 ന് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മെമ്പർമാരുടെ ഓണറേറിയത്തിൽ നിന്നും പിടിച്ച തുക നിക്ഷേപിക്കുന്നതിന് വേണ്ടിയാണ് Covid (799012900000769) എന്ന അക്കൗണ്ട് തുടങ്ങിയതെന്നും ഇതിൽ നിന്നും സർക്കാർ ജീവനക്കാരുടെ ശമ്പളം തിരിച്ച് നൽകിയെന്നും മെമ്പർമാരുടെ തുകകൾ തിരിച്ച് നൽകുന്ന കാര്യം സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിരുന്നില്ലെന്നും ആയതിനാലാണ് ട്രാൻസാക്ഷൻസ് നടക്കാത്തതെന്നും അറിയിച്ചിട്ടുണ്ട്.

B) Indian Bank Health Insurance അക്കൗണ്ടിൽ 2018-19 മുതൽ 618807/- രൂപ നീക്കിയിരിപ്പുണ്ട്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയ്ക്ക് വേണ്ടി കുടുംബശ്രീ മുഖേന ഉപഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്ത 6,18,807/- രൂപ കുടുംബശ്രീ ജില്ലാ മിഷനിൽ ഒടുക്കിയത് പദ്ധതി നടപ്പിലാക്കാത്തതിനാൽ തിരികെ നൽകിയത് പഞ്ചായത്ത് ഇൻഡ്യൻ ബാങ്കിൽ നിക്ഷേപിക്കുകയാണുണ്ടായതെന്നും കുടുംബശ്രീ അംഗങ്ങളിൽ നിന്നും പിരിച്ചെടുത്ത ടി തുക സംബന്ധിച്ച് സർക്കാരിന്റെ നിർദ്ദേശാനുസരണം നടപടി കൈക്കൊള്ളുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം. 5 ന്റെ മറുപടി).

5. Accumulated Depreciation അതുമായി ബന്ധപ്പെട്ട ആസ്തിയെക്കാൾ അധികം തുക രേഖപ്പെടുത്തിയിരിക്കുന്നു.

Accumulated Depreciation അതുമായി ബന്ധപ്പെട്ട ആസ്തിയെക്കാൾ അധികം തുക രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | Depreciation ന്റെ നീക്കിയിരിപ്പ് | ആസ്തിയുടെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | Vehicles | 692525(head Code- 411500101) | 581509(head Code- 41710102) |
| 2 | Other Fixed Asset | 6791680(head Code- 411800101) | 498469(head Code-410800101) |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 23 നുള്ള മറുപടിയിൽ Other Construction, Movable Asset Others, Other Fixed Asset ഹെഡുകൾക്ക് Accumulated Depreciation ഹെഡ് ഇല്ലാത്തതിനാലാണ് ടി മൂന്ന് ആസ്തികളുടെയും Depreciation Accumulated Depreciation- Other Fixed Asset എന്ന ഹെഡിൽ ബുക്ക് ചെയ്യുന്നതെന്നും ആയതിനാലാണ് പ്രസ്തുത ഹെഡിൽ തുക അധികം നിൽക്കുന്നതെന്നും അറിയിച്ചിരിക്കുന്നു.

6. AFS പ്രകാരം 25000000/- രൂപ സ്ഥിര നിക്ഷേപമായിട്ടുണ്ട്. 15000000/- രൂപ Indian Bank അക്കൗണ്ടിലും 10000000/- രൂപ Union Bank ലുമാണ് നിക്ഷേപിച്ചിരിക്കുന്നത്. 13.01.2022ൽ 11600528/- രൂപയാണ് Union Bankൽ നിക്ഷേപിച്ചിരിക്കുന്നത്. ആയത് 30.09.2022 ൽ പിൻവലിച്ച് 11884300/-രൂപ 01.10.2022ൽ വീണ്ടും 02.10.2023 വരെയുള്ള കാലയളവിലേയ്ക്കായി നിക്ഷേപിച്ചിട്ടുണ്ട്. പഞ്ചായത്തിന് സ്ഥിര നിക്ഷേപമായി 26600528/- രൂപ ഉണ്ടായിരുന്നിട്ടും 25000000/- രൂപ മാത്രമാണ് AFS ൽ വന്നിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 38 ന മറുപടി ലഭ്യമാക്കിയില്ല. മാത്രമല്ല രണ്ടരകോടിയുടെ നിക്ഷേപമുണ്ടെങ്കിലും നിക്ഷേപ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. നിക്ഷേപ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണ സമിതിയുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

7. സ്റ്റോക്കുകളുടെ വാർഷിക മൂല്യനിർണയം നടത്തിയതായി കാണുന്നില്ല.B-14 ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയില്ല. ആയതിന്റെ കാരണം വ്യക്തമാക്കുന്നതിന് നൽകിയ എൻക്വയറി നമ്പർ 2 ന് സ്റ്റോക്കുകളുടെ വാർഷിക മൂല്യനിർണയം നടത്തുന്നതിനുള്ള സംവിധാനം സോഫ്റ്റ് വെയറിൽ ലഭ്യമായിരുന്നില്ലെന്നും അത് കൊണ്ടാണ് ബി 14 ഷെഡ്യൂളിൽ തുക ഉൾപെടാതിരുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

8. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (17467411), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (6529958) തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 5 ന ക്യാഷ് ഫ്ലോ പത്രിക എന്നത് സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാകുന്ന റിപ്പോർട്ട് ആണെന്നും ടി വ്യത്യാസം സോഫ്റ്റ്‌വെയറിൽ പരിഹരിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

9. അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി നമ്പർ 2ന രജിസ്റ്ററുകൾ ലഭ്യമാക്കുന്നതാണെന്ന മറുപടി നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല.

10. Excess Of Income Over Expenditure-വരവ്-ചെലവ്-നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

| മുന്നിരിപ്പ് B-1 (2020-21) | വരവ് | ചെലവ് | വരേണ്ടിയിരുന്ന നീക്കിയിരിപ്പ് | ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് B-1 (2021-22) |
|---|---|---|---|---|
| 74514339.80 | 310761182 | 307899612+1480591 | 75895318.80 | 78856500.80 |

ആയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി നമ്പർ 2ന സോഫ്റ്റ് വെയറിൽ നിന്നും ഓട്ടോമാറ്റിക് ആയി ലഭ്യമായ തുകയാണ് AFS ൽ കാണിച്ചിട്ടുള്ളതെന്നും ടി വ്യത്യാസം സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്ന മുറയ്ക്ക് ക്രമപ്പെടുത്തി സമർപ്പിക്കുന്നതാണെന്നമാണ് മറുപടി നൽകിയത്.

11. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 2 ന സോഫ്റ്റ് വെയറിൽ ടി സംവിധാനം നിലവിലില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്.

12. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട

വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 2 ന മറുപടിയായി സോഫ്റ്റ് വെയറിൽ ടി സംവിധാനം നിലവിലില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

13. AFS പ്രകാരം സ്വകാര്യ ആശുപത്രി പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇനത്തിൽ 4800/- രൂപ വീതം ഡിമാന്റും കളക്ഷനും ഉണ്ട്. എന്നാൽ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ പ്രകാരം 4000/- രൂപയാണ് ഡിമാന്റും കളക്ഷനും രേഖപ്പെടുത്തിയിരിക്കുന്നത്. മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 63 ന മറുപടി ലഭ്യമാക്കിയില്ല.

14. വാർഷിക ധനകാര്യ പത്രിക, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം സംയുക്ത പ്രോജക്ടുകളുടെ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | 2020-21 B-4, ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP-7 പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2021-22 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 917884 | 4998125 | 5916009 | 4998125 | 917884 | 811560 |

ഇപ്രകാരം നീക്കിയിരിപ്പിൽ വ്യത്യാസമുണ്ടാകാനുള്ള കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി നമ്പർ 1 ന മുൻ സാമ്പത്തിക വർഷം കിട്ടിയ ബ്ലോക്ക് പഞ്ചായത്ത് ഷെയറിൽ ചെലവഴിക്കാത്ത 106324/- രൂപ തിരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കി. തുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 35406885 | 35406885 | 43236262 | -7829377 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10369948 | 10369948 | 7542000 | 2827948 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | - | - | - | - |
| വികസനഫണ്ട് (CFC Tied) | 0 | 25287160 | 25287160 | 9589476 | 15697684 |
| വികസനഫണ്ട് (CFC Untied) | 0 | 13446799 | 13446799 | 8884618 | 4562181 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 20366637 | 20366637 | 17124139 | 3242498 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 11694178 | 11694178 | 8817377 | 2876801 |

1. വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | Grant Statement | 43236262 |
| | ACR | 35406885 |
| | Accounts | 35406885 |
| Development Fund ( SCP) | Grant Statement | 7542000 |
| | ACR | 9426248 |
| | Accounts | 9426248 |
| Development Fund ( CFC Tied) | Grant Statement | 9589476 |
| | ACR | 9589476 |
| | Accounts | 12192000 |
| Development Fund ( CFC UnTied) | Grant Statement | 8884618 |
| | ACR | 8884618 |
| | Accounts | 8282148 |

2. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റമെന്റ് പ്രകാരമുള്ള കേന്ദ്രവിഷ്കൃത ഫണ്ട്, സ്റ്റേറ്റ് സ്പോൺസേഡ് സ്കീം എന്നിവയുടെ ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമായിട്ടില്ല. അവയുടെ വരവ് 0 ഉം നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസുമാണ്. കൂടാതെ യൂട്ടിലൈസേഷൻ സ്റ്റേറ്റമെന്റ് പ്രകാരം വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസ് (-7829377) ആണ്.

3. സർക്കാർ ഉത്തരവ് (കൈ)നം11/2018.ത.സ്വ.ഭ.വ. തീയതി. 29.01.2018, ഖണ്ഡിക 6.1.1 പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം ഫണ്ടുകൾ പാഴാക്കാൻ പാടില്ല. 2021-22 വർഷം വകയിരുത്തിയ ചുവടെ പറയുന്ന എസ്.സി.പി ഫണ്ട് തൻവർഷം ചെലവഴിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം. | പദ്ധതി പേര് | അടങ്കൽ (ഫണ്ട്) | പദ്ധതി ഏറ്റെടുത്ത നിർവഹണോദ്യോഗസ്ഥൻ |
|---|---|---|---|
| 87/22 | എസ്സ് സി വിദ്യാർത്ഥികൾക്ക് പുതിയ മേശയും കസേരയും വാങ്ങി നൽകൽ | 630000 (എസ്.സി.പി) | അസി.സെക്രട്ടറി |

4. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രസ്തുത തുകകൾ വരവായി ലഭിച്ച വർഷം, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, ഏത് അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം, ചെലവഴിക്കാത്ത തുക ബന്ധപ്പെട്ട ഹെഡ് തിരിച്ചടച്ചതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1(5), 5.4.1(8) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിന്റെ 30 ശതമാനത്തിൽ അധിക തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താൻ പാടില്ല. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ട കൂടിയ തുക 13095600/- രൂപയാണ്. എന്നാൽ പശ്ചാത്തല മേഖലയ്ക്ക് ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയിൽ കൂടുതൽ തുകയാണ് വകയിരുത്തിയിട്ടുള്ളത്. വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു

| ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ടിലെ സാധാരണ വിഹിതം | 33290072 | 24807804 | 74 |

6. അനുബന്ധം IV പ്രകാരം വകയിരുത്തേണ്ടുന്ന തുകയ്ക്ക് അനുസൃതമായി ആശ്രയ പദ്ധതിയ്ക്കായി 1664000/- രൂപയാണ് വകയിരുത്തേണ്ടിയിരുന്നത്. എന്നാൽ 2 പ്രോജക്ടുകൾക്കായി ആകെ 620000/- രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 28/14.11.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

എ) ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് (%) |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 25892020 | 10725076 | 41.42 |
| സേവനം | പൊതുവിഭാഗം | 188070573 | 91096543 | 48.43 |
| | പട്ടിക ജാതി | 32647124 | 16559402 | 50.72 |
| പശ്ചാത്തലം | പൊതുവിഭാഗം | 33290072 | 24807804 | 74.54 |
| | പട്ടിക ജാതി | 805037 | 805037 | 100 |

ബി) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018 ലെ സ.ഉ(അ)100/2018/ധന., 24.01.2019 ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ

ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 961425 |
| 2 | 320700405 | ജില്ലാ പഞ്ചായത്ത് | 472264 |
| 3 | 320700404 | ബ്ലോക്ക് പഞ്ചായത്ത് | 615601 |

പദ്ധതി മാർഗരേഖ പ്രകാരവും സർക്കാർ ഉത്തരവുകൾ പ്രകാരവുമുള്ള വ്യവസ്ഥകൾ കർശനമായും പാലിച്ച് പദ്ധതി തുക വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

എ) പ്രോജക്ട് നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 14 | 13 | 1 | 93 | 2739965 | 2195850 | 80.1 |
| Ii | വെറ്റിനറി സർജൻ | 5 | 5 | 0 | 100 | 4112600 | 1612391 | 39.2 |
| Iii | മെഡിക്കൽ ഓഫീസർ - PHC | 4 | 3 | 1 | 75 | 7596325 | 6203745 | 81.7 |
| Iv | മെഡിക്കൽ ഓഫീസർ - ആയുർവേദം | 2 | 2 | 0 | 100 | 2300000 | 2300000 | 100 |
| V | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 7 | 6 | 1 | 86 | 5183720 | 2276620 | 44 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 14 | 11 | 3 | 79 | 60921299 | 20713543 | 34 |
| Vii | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 6 | 4 | 2 | 67 | 75511512 | 18515756 | 24.5 |
| Viii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 8 | 0 | 100 | 17368800 | 16013829 | 92.2 |
| Ix | സെക്രട്ടറി | 33 | 27 | 6 | 82 | 46617042 | 40584169 | 87 |
| X | എച്ച്.എം. | 3 | 0 | 3 | 0 | 309500 | 0 | 0 |
| Xi | അസിസ്റ്റന്റ് എഞ്ചിനീയർ | 59 | 50 | 9 | 85 | 46286919 | 29813265 | 64.4 |
| Xii | ഡയറി ഫാം ഇൻസ്ട്രക്ടർ | 6 | 6 | 0 | 100 | 7741974 | 2181004 | 28.17 |
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 9 | 6 | 3 | 67 | 4015170 | 1583690 | 39.44 |
| ആകെ | | 170 | 141 | 29 | 83 | 280704826 | 143993862 | 51.3 |

1) ആകെ വകയിരുത്തിയതിന്റെ 51 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

2) എ) വെറ്റിനറി സർജൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഡയറി ഫാം ഇൻസ്ട്രക്ടർ, അസിസ്റ്റന്റ് സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ വകയിരുത്തിയ ഫണ്ടിന്റെ 50 ശതമാനത്തിൽ താഴെയാണ് തൻവർഷം ചെലവഴിച്ചത്.

ബി) 3 പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയ എച്ച്.എം. പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പാക്കിയില്ല.

3) സുലേഖ ചെലവ് പത്രിക, വികസന ഫണ്ട് എസ്.സി.പിയുടെ എ.സി.ആർ എന്നിവ ഒത്തുനോക്കി പരിശോധിച്ചതിൽ വിഇഒ സർക്കിൾ 1 നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ പറയുന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ 2021-22 വർഷത്തെ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

| ക്രമ | പ്രോജക്ട് നം./പേര് | ഫണ്ട് വിവരം | എ.സി.ആർ പ്രകാരമുള്ള |
|---|---|---|---|

| | | | |
|---|---|---|---|
| നം. | | | ആകെ ചെലവ് തുക |
| 1 | 83/22-ലൈഫ് ഭവനനിർമ്മാണം എസ് സി ഡിപ്പാർട്ട്മെന്റ് ലിസ്റ്റ് 2021-22 | വികസന ഫണ്ട് എസ്.സി.പി | 2400000 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 40/17.11.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) പദ്ധതി ആസൂത്രണം

1. ആസൂത്രണ സമിതി

സർക്കാരിന്റെ 09-01-2017 തീയതിയിലെ ജി.ഒ (എം.എസ്) നം.10/2017 നമ്പർ ഉത്തരവ് പ്രകാരമാണ് ഗ്രാമപഞ്ചായത്ത് തലത്തിൽ ആസൂത്രണ സമിതികൾ രൂപീകരിച്ചത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സ.ഉ.(കൈ)നം.11/2018 /തസ്വഭവ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3-1-1 (ബി) യിൽ ആസൂത്രണ സമിതിയുടെ ചുമതലകൾ പരാമർശിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാസാഹിപ്പിക്കുക, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയെയും വർക്കിംഗ് ഗ്രൂപ്പുകളെയും സഹായിക്കുക, അധിക വിഭവ സമാഹരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് നൽകുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക, സ്ഥാപനത്തിന്റെ പ്രാദേശികാസൂത്രണത്തിന് സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരെയും അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിന് സഹായിക്കുക തുടങ്ങിയവയാണ് ആസൂത്രണസമിതിയുടെ സുപ്രധാന ചുമതലകൾ. എന്നാൽ ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ 2021-22 വർഷം യോഗം കൂടിയിട്ടുള്ളതായി കാണുന്നില്ല.

2. സ്റ്റാൻഡിംഗ് കമ്മിറ്റി

സ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്സുകളിൽ ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട ചർച്ചകളോ തീരുമാനങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി നിർദ്ദേശങ്ങൾ കൃത്യമായി നല്കുന്നുണ്ടെങ്കിലും പദ്ധതി നടത്തിപ്പ്, അവലോകനങ്ങൾ ഇവ അജണ്ടകളിൽ ഉൾപ്പെടുത്തുന്നില്ല. ഘടകസ്ഥാപനങ്ങളുടെ ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതായി രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഇതു സംബന്ധിച്ച ക്രോഡീകരിച്ച വിവരങ്ങൾ പോലും മിനുട്സ് ചെയ്യപ്പെടുന്നില്ല.

3. വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 2021-22 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 12.02.21 ൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ ചുവടെ പറയുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് |
|---|---|
| 1 | മൽസ്യബന്ധനം |
| 2 | ദുരന്തനിവാരണം |

ചർച്ച ചെയ്ത വിഷയങ്ങളും കൈകൊണ്ട തീരുമാനങ്ങളും ഉൾക്കൊള്ളിച്ചിട്ടില്ല.

മറ്റ് വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് നൽകിയിട്ടുള്ളത്. കൺവീനർമാർ എല്ലാ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും പങ്കെടുക്കുന്നില്ല. പല വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സുകളിലും തീരുമാനങ്ങൾ രേഖപ്പെടുത്തി കൺവീനർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

4. വികസന സെമിനാർ

2022-23 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 25.01.22 ൽ വികസന സെമിനാർ കൂടിയിട്ടുണ്ട്. എന്നാൽ

അറ്റൻഡൻസ് വിവരങ്ങൾ മാത്രമാണ് മിനിട്സ് ബുക്കിൽ ഉള്ളത്. ചർച്ച ചെയ്ത വിഷയങ്ങളോ കൈകൊണ്ട തീരുമാനങ്ങളും ഉൾക്കൊള്ളിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 64/19.11.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-5 ക്ഷേമപദ്ധതികൾ

2021-22 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 377400 | 22 |
| വിധവാപെൻഷൻ | 30920800 | 1711 |
| വാർദ്ധക്യകാലപെൻഷൻ | 58226200 | 3410 |
| വികലാംഗപെൻഷൻ | 11712500 | 622 |
| വിവാഹധനസഹായം | 390000 | 13 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 986700 | 53 |

ക്ഷേമ പദ്ധതികളുടെ ചെലവ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി

പഞ്ചായത്ത് ഹാജരാക്കിയ 2021-22 വർഷത്തെ മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ, ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവട ചേർക്കുന്നു.

| പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം |
|---|---|---|---|---|---|
| സിസിലി ജോസഫ് | 102690201147 | വാർദ്ധക്യകാലം | 02.12.21 | സസ്പെൻഡ് | 01/22 മുതൽ 06/22-1600 X 6 = 9600 |
| ഇബ്രാംഹിം.എ.എം | 102690200400 | വാർദ്ധക്യകാലം | 05.08.21 | ആക്ടീവ് | 09/21 മുതൽ 09/22-1600 X 13 = 20800 |
| ലീലാ സ്റ്റാൻലി | 102690200874 | വാർദ്ധക്യകാലം | 21.12.21 | ആക്ടീവ് | 01/22 മുതൽ 09/22-1600 X 9 = 14400 |
| മേരി ആന്റണി | 102690601255 | വാർദ്ധക്യകാലം | 12.03.21 | ആക്ടീവ് | 04/21 മുതൽ 09/22-1600 X 18 = 28800 |
| ശാന്ത.ബി | 102690202697 | വാർദ്ധക്യകാലം | 22.10.21 | ആക്ടീവ് | 11/21 മുതൽ 09/22-1600 X 11 = 17600 |
| സ്റ്റെല്ലാ മിരാൻഡ | 102690203682 | വാർദ്ധക്യകാലം | 4.10.21 | സസ്പെൻഡ് | 11/21 മുതൽ 01/22-1600 X 3 = 4800 |
| അസനാരുപിള്ള | 102690202113 | വാർദ്ധക്യകാലം | 19.10.21 | ആക്ടീവ് | 11/21 മുതൽ 09/22-1600 X 11 = 17600 |
| ആനി ലൂസി ഡിക്രൂസ് | 102690204506 | വാർദ്ധക്യകാലം | 28.09.21 | ആക്ടീവ് | 10/21 മുതൽ 09/22-1600 X 12 = 19200 |
| രാമൻകുട്ടി | 102690203468 | വാർദ്ധക്യകാലം | 09.07.21 | ആക്ടീവ് | 08/21 മുതൽ 09/22-1600 X 14 = 22400 |
| വിശ്വനാഥൻ | 102690400622 | വികലാംഗപെൻഷൻ | 27.09.21 | ആക്ടീവ് | 10/21 മുതൽ 09/22-1600 X 12 = 19200 |
| ശേഖരൻ ചെല്ലപ്പൻ | 102690200904 | വാർദ്ധക്യകാലം | 28.04.21 | സസ്പെൻഡ് | 05/21 മുതൽ 09/21-1600 |

| | | | | | |
|---|---|---|---|---|---|
| | | | | | X 5 = 8000 |
| സെലിൻ.എം | 102690400457 | വികലാംഗപെൻഷൻ | 21.08.21 | ആക്ടീവ് | 9/21 മുതൽ 09/22-1600 X 13 = 20800 |
| വിജയകുമാരൻ | 102690203708 | വാർദ്ധക്യകാലം | 03.05.21 | ആക്ടീവ് | 06/21 മുതൽ 09/22-1600 X 16 = 25600 |
| വെർജിൻ | 102690203698 | വാർദ്ധക്യകാലം | 22.09.21 | സസ്പെൻഡ് | 10/21 മുതൽ 12/21-1600 X 3 = 4800 |
| സത്യഭാമ | 102690203671 | വാർദ്ധക്യകാലം | 04.09.21 | ആക്ടീവ് | 10/21 മുതൽ 09/22-1600 X 12 = 19200 |
| ഗോവിന്ദൻ.എ | 102690202937 | വാർദ്ധക്യകാലം | 22.09.21 | സസ്പെൻഡ് | 10/21 മുതൽ 12/21-1600 X 3 = 4800 |
| എ.കാസിം | 102690204652 | വാർദ്ധക്യകാലം | 26.02.22 | സസ്പെൻഡ് | 03/22 മുതൽ 05/22-1600 X 3 = 4800 |
| സക്കറിയാസ് ഡിക്രൂസ് | 102690202830 | വാർദ്ധക്യകാലം | 04.03.22 | ആക്ടീവ് | 04/22 മുതൽ 09/22-1600 X 6 = 9600 |
| സൈനബാബീവി | 102690202852 | വാർദ്ധക്യകാലം | 02.03.22 | ആക്ടീവ് | 04/22 മുതൽ 09/22-1600 X 6 = 9600 |
| മോഹൻദാസ് | 102690204206 | വാർദ്ധക്യകാലം | 20.02.22 | ആക്ടീവ് | 03/22 മുതൽ 09/22-1600 X 7 = 11200 |
| സിസിലി.എ | 101670250788 | വാർദ്ധക്യകാലം | 11.03.22 | ആക്ടീവ് | തിരുവനന്തപുരം കോർപ്പറേഷൻ മരണവിവരം തിരുവനന്തപുരം കോർപ്പറേഷനെ അറിയിക്കേണ്ടതാണ്. |
| സൈനബാബീവി | 102690600229 | വിധവ | 07.07.21 | ആക്ടീവ് | 08/21 മുതൽ 09/22-1600 X 14 = 22400 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. കഠിനംകുളം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.50/18.11.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനർഹമായി നൽകിയ തുക സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. കഠിനംകുളം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട, എന്നാൽ മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്.

## 1-5-2 സാമൂഹ്യ സുരക്ഷാ പെൻഷൻ - സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2021-22 മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ചുവടെ പറയുന്ന ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | പേര് | പെൻഷൻ ഐഡി1 | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|---|
| 1 | പരമേശ്വരൻ | 102690201734 | വാർദ്ധക്യകാലം | 15.11.21 | ആക്ടീവ് |
| 2 | കൃഷ്ണമ്മ | 1027110201575 | വാർദ്ധക്യകാലം | 18.10.21 | ആക്ടീവ് (മംഗലപുരം ഗ്രാമപഞ്ചായത്ത്) |

| | | | | | |
|---|---|---|---|---|---|
| | | | | | മരണവിവരം മംഗലപുരം ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. |
| 3 | ജഗദമ്മ | 102720600723 | വിധവ | 21.09.21 | ആക്ടീവ് (പോത്തൻകോട് ഗ്രാമപഞ്ചായത്ത്) മരണവിവരം പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. |

ധനകാര്യവകുപ്പിന്റെ 26.07.2018-ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.50/18.11.22ന് മറുപടി ലഭ്യമാക്കിയില്ല. മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ ഡേറ്റാബേസിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശിക്കുന്നു.

## 1-5-3 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി

സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി ഗ്രാമപഞ്ചായത്തിൽ നിന്നും ക്ഷേമപെൻഷനുകൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തുടർനടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ എഡിപി-ടിവിഎം/711/2020-PA2 നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. അതു പ്രകാരം അനർഹമായി ക്ഷേമപെൻഷൻ കൈപ്പറ്റിയവരിൽ തുക തിരികെ ഒടുക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ശാന്ത | 102690201045 | 50800 |
| 2 | നളിനാക്ഷി.പി | 102690201919 | 50800 |
| 3 | സരസ്വതി | 102690201950 | 67300 |
| 4 | ഫെൽസീറ്റ | 102690202734 | 58100 |
| 5 | ഐഷാബീവി | 102690601023 | 56400 |

സർക്കാരിന്റെ 23.1.2020ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 49/18.11.22ന് മറുപടി ലഭ്യമാക്കിയില്ല. പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-5-4 ക്ഷേമപദ്ധതി - രജിസ്റ്ററുകളുടെ പരിപാലനം

1. പഞ്ചായത്തിൽ പരിപാലിക്കുന്ന വിവിധ ക്ഷേമപെൻഷനുകൾക്കുള്ള രജിസ്റ്ററുകൾ പൂർണമല്ല. പെൻഷൻ അനുവദിച്ച തീയതി രേഖപ്പെടുത്താത്തതിനാൽ സമയപരിധിക്കുള്ളിൽ അപേക്ഷയിന്മേൽ തീർപ്പുകല്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. സ്വീകരിക്കുന്ന നടപടികളുടെ വിവരം (അംഗീകാരം/നിരസിക്കൽ, ബന്ധപ്പെട്ട കമ്മിറ്റി തീരുമാനം, അനുവദിച്ച പെൻഷൻ നം.) എന്നിവയടക്കമുള്ള വിവരങ്ങൾ പല രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല.

2. നിശ്ചിത സമയപരിധിക്കുള്ളിൽ പല അപേക്ഷകളിലും തീർപ്പുകല്പിക്കുന്നതായി കാണുന്നില്ല.

3. വിവാഹ ധനസഹായത്തിന്റെ രജിസ്റ്ററിലെ വിവരങ്ങളും പൂർണമല്ല. ലഭിച്ച അപേക്ഷകളുടെ ഫയൽ അനുമതിയ്ക്കായി വനിതാശിശുവികസന ഓഫീസിൽ നൽകിയിട്ടുള്ളതായി എഴുതിയിട്ടുണ്ടെങ്കിലും തിരികെ ലഭിച്ചതിന്റേയോ ധനസഹായം അനുവദിച്ചതിന്റേയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

4. 31.01.19 ലെ സ.ഉ.(എം.എസ്) നം. 59/2019/ധന ഉത്തരവ് പ്രകാരം വിധവ പെൻഷൻ ഗുണഭോക്താക്കളും 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ ഗുണഭോക്താക്കളും എല്ലാ വർഷവും ഡിസംബർ മാസത്തിൽ വിവാഹം/പുനർ വിവാഹം ചെയ്തിട്ടില്ല എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. ഉത്തരവ് പ്രകാരം അല്ലാത്തവരുടെ പെൻഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നത് വരെ താൽക്കാലികമായി തടഞ്ഞു വെയ്ക്കുന്നതാണ്. മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2021-22 വർഷം പഞ്ചായത്തിൽ മേൽ പെൻഷൻ പറ്റുന്നവർ 2021 ഡിസംബർ മാസത്തിൽ ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോയെന്ന വിവരം അറിയിക്കുന്നതിനും മേൽ അപാകതകൾ സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണം നം. 53/18.11.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്ഷേമപദ്ധതികളിന്മേൽ ആനുകൂല്യം അനുവദിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കേണ്ടതും നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18/11/2022 തീയതി 10.15AM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 72926/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെപറയുന്നവ ശ്രദ്ധയൂന്നേണ്ട വിഷയങ്ങളാണ്.
1) ഓഫീസ് പ്രവർത്തനം നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ ജീവനക്കാരുടെ യോഗം ചേരേണ്ടതുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം യോഗം ചേർന്നതായുള്ള രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. പൗരാവകാശ രേഖയുടെ പകർപ്പ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

3) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നമ്പർ 123/2009 /തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

എ) തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുകയും ചെയ്യണം.

ബി) സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ചേർക്കേണ്ട രജിസ്റ്ററുകൾ ഏതെന്ന് അതാത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (8-ാം കോളത്തിൽ) ചേർക്കുകയോ പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതുതൻപതിവേടിൽ ചേർക്കുകയോ ചെയ്യണം.

സി) ഏഴുദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8ാം കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്യണം.

ഡി) അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനുവേണ്ടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കണം.

ഇ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

എഫ്) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

എച്ച്) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്ന എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

4) ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പുതുതായി ആർജ്ജിക്കുന്ന ആസ്തികളുടെ വിവരങ്ങൾ ചേർത്തുകാണുന്നില്ല.

5) നിർവ്വഹണോദ്യോഗസ്ഥർ എല്ലാവരും TR 7A ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

6) തനത് വരുമാനങ്ങൾ പൂർണമായി പിരിച്ചെടുക്കുന്നതിനും പുതിയ വരുമാന സ്രോതസുകൾ കണ്ടെത്തുന്നതിലും വീഴ്ച

വരുത്തിയിട്ടുണ്ട്.

7) മുൻകൂർ/നിക്ഷേപ രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല. മുൻകൂറായി നൽകിയ തുകകൾ ക്രമീകരിച്ചിട്ടുണ്ടോ എന്നതും പഞ്ചായത്തിന്റെ യഥാർത്ഥ നിക്ഷേപവിവരങ്ങളും പരിശോധിക്കാനായിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിനുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-8 കൃഷി ഓഫീസർ ഉപയോഗിച്ചിരുന്ന രസീതുകൾ കൈകാര്യം ചെയ്തതിൽ അപാകത

കൃഷി ഓഫീസർ ഉപയോഗിച്ചിരുന്ന രസീതുകൾ പരിശോധിച്ചതിൽ ചുവടെ വിവരിക്കും പ്രകാരമുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നമ്പർ | രസീത് പുസ്തക നമ്പർ | രസീത് നമ്പർ | അപാകത |
|---|---|---|---|
| 01 | 7607 | 62 | രസീത് ഇല്ല |
| 02 | 7607 | 63, 64, 67 | ഉത്തരവാദപ്പെട്ട ഉദ്യോസ്ഥൻ ഒപ്പ് വച്ചിട്ടില്ല |
| 03 | 7607 | 85 | കളക്ഷൻ രജിസ്റ്ററിൽ 500/- രൂപ, രസീതിൽ 25/- രൂപ |
| 04 | 7609 | 26, 94, 95 | റദ്ദ് ചെയ്ത രസീതുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 05 | 10897 | 73 | റദ്ദ് ചെയ്ത രസീതുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 06 | 11626 | 84 | റദ്ദ് ചെയ്ത രസീതുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 07 | 11633 | 73 | ഉത്തരവാദപ്പെട്ട ഉദ്യോസ്ഥൻ ഒപ്പ് വച്ചിട്ടില്ല, തുക അക്ഷരത്തിൽ രേഖപ്പെടുത്തിയില്ല |
| 08 | 11636 | 19 | ഉത്തരവാദപ്പെട്ട ഉദ്യോസ്ഥൻ ഒപ്പ് വച്ചിട്ടില്ല, തുക അക്ഷരത്തിൽ രേഖപ്പെടുത്തിയില്ല |
| 09 | 11636 | 65 | റദ്ദ് ചെയ്ത രസീതുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല |

7607 നം രസീത് പുസ്തകത്തിലെ 62-ാം നമ്പർ രസീതോ ആയതിന്റെ ഡ്യൂപ്ലിക്കേറ്റോ രസീതുപുസ്തകത്തിൽ ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/2022) മറുപടിയായി തിരക്കുകൾ കാരണം രസീത് പുസ്തകത്തിലെ എല്ലാ രസീതുകളും പരിശോധിക്കാൻ കഴിഞ്ഞില്ലെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചത്. പഞ്ചായത്ത് സെക്രട്ടറി ടി രസീത് പുസ്തകത്തിൽ ഒന്നു മുതൽ 100 വരെ രസീതുകൾ ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പണപ്പിരിവിന് ഉപയോഗിക്കുന്ന രസീതുകൾ ഇപ്രകാരം നിരുത്തരവാദപരമായി കൈകാര്യം ചെയ്യുന്നത് പണാപഹരണം പോലുള്ള ക്രമക്കേടുകൾക്ക് വഴിവെയ്ക്കുമെന്നതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അതീവ ജാഗ്രത പുലർത്തേണ്ടതാണ്. നഷ്ടമായ രസീത് സംബന്ധിച്ച് (62 -ാം നമ്പർ) സമഗ്രമായ മറുപടി നൽകുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-9 പാലിയേറ്റീവ് കെയർ വാഹനത്തിന്റെ ലോഗ് ബുക്കിലെ അപാകത

| | |
|---|---|
| പദ്ധതി നമ്പർ | 33 |
| പദ്ധതിയുടെ പേര് | കഠിനംകുളം ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ് പരിചരണ പദ്ധതി |
| അടങ്കൽ | 43,95,114/- |
| ചെലവ് | 30,72,534/- |
| ഫണ്ടിനം | വികസന ഫണ്ട് : 23,25,237<br>തനത് ഫണ്ട് : 1,07,877<br>മെയിന്റനൻസ് ഫണ്ട് : 6,39,420 |

അപാകങ്ങൾ താഴെ പറയുന്നു.

പാലിയേറ്റീവ് പരിചരണത്തിനായി ഉപയോഗിക്കുന്ന വാഹനത്തിന്റെ ലോഗ്ബുക്കിൽ വാഹനത്തിന്റെ നമ്പർ ചേർത്തിട്ടില്ല. വാഹനത്തിന്റെ മൈലേജ് സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിച്ചിട്ടില്ല. വാഹനത്തിന്റെ ഇന്ധന ചെലവ് സംബന്ധിക്കുന്ന വിശദാംശങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വാഹനം ഉപയോഗിച്ച ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട വിവരം ലോഗ് ബുക്കിൽ പല ഇടങ്ങളിലും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ലോഗ്ബുക്ക് പരിപാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-10 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

സഞ്ചയ പ്രകാരം താഴെപ്പറയുന്ന പ്രകാരമുള്ള 2022 സ്ഥാപനങ്ങൾ പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്.എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം 267 സ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്തു പരിധിയിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്.

| ക്രമ നമ്പർ | ഇനം | സഞ്ചയ പ്രകാരമുള്ള റിക്കോർഡ്സിന്റെ എണ്ണം |
|---|---|---|
| 1 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 62 |
| 2 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 75 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 3 |
| 4 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 28 |
| 5 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 1692 |
| 6 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടികടകൾ, കംപ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷനുകൾ | 57 |
| 7 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമാ തീയറ്റർ | 37 |
| 8 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 2 |
| 9 | വ്യവസായങ്ങൾക്കാവശ്യമുള്ളവ – കൈത്തറി ഷെഡ്, കയറുപിരി ഷെഡ് | 63 |
| 10 | റിസോർട്ടുകൾ | 3 |
| ആകെ | | 2022 |

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന വ്യാപാര സ്ഥാപനങ്ങളുടെ 2021-22 സാമ്പത്തിക വർഷത്തെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഓരോ വാർഡിലും എത്ര വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ടോയെന്നും കൃത്യമായി അറിയുവാൻ സാധിക്കുന്നില്ല. വ്യാപാര സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഫീ ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് കൃത്യമായി നൽകുന്നതിനും നികുതി വരുമാനം ഉറപ്പുവരുത്തുന്നതിനും കഴിയുകയില്ല. കൂടാതെ പിരിവ് പൂർണ്ണമായും കാര്യക്ഷമമായും നടത്തുവാനും കഴിയാതെ വരുന്നു. ഇത് തനതു ഫണ്ടിന്റെ ശോഷണത്തിന് കാരണമായിത്തീരുന്നു. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലുള്ള 23 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പു വരുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 62ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-10-1 ലൈസൻസ് - അപേക്ഷകൾ പൂർണ്ണമല്ല

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ

ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷയിൽ പ്രസ്തുത കോളം ഒഴിവാക്കിയാണ് ഭൂരിഭാഗം അപേക്ഷകരും അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 62ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11 റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2021-22 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചു നൽകിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 62ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 യന്ത്രങ്ങളുടെ ഫീസ് ഈടാക്കുന്നതിൽ അപാകത

A) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസിനുള്ള അപേക്ഷകളിൽ നൂറോളം അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപേക്ഷകരിൽ നിന്നും യന്ത്രത്തിന്റെ ഫീസ് ഈടാക്കുന്നതിൽ അപാകത കണ്ടെത്തി. ബാക്കിയുള്ള അപേക്ഷകൾ കൂടി പരിശോധിച്ച് സമാന അപാകതകൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക |
|---|---|---|---|---|---|---|
| 1 | 5/335(1) | Shifana S | Tasty Milky Icecream Unit | 30 | 300 | 100 |
| 2 | 9/43 | A Balakrishnan Nair | Sarasa Saw Mill | 38 | 400 | 0 |
| 3 | 20/535-1 | Joseph David | Carmaly Chilling Plant And Ice Making | 98 | 1000 | 500 |
| 4 | 19/282 | Joseph Johnson | Puffs And Bakes | 670 | 6700 | 0 |
| 5 | 8/533(1) | Francis | Sea Food And Ice Plant | 20 | 200 | 100 |
| 6 | 21/75 | Rajan Joseph | Coastal Marine Engineering | 4.5 | 50 | 0 |
| 7 | 10/174 | Manager | Trivandrum Flour Mill Pvt Ltd | 540 | 5400 | 100 |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 62ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

B) Manuel Dcruz Pious (13/270) എന്നയാളുടെ Banatone Trinity Industries എന്ന സ്ഥാപനത്തിന്റെ ലൈസൻസിനു വേണ്ടിയുള്ള അപേക്ഷയിൽ യന്ത്രങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് രേഖപ്പെടുത്തലുകളൊന്നും തന്നെ ഇല്ല. പ്രസ്തുത സ്ഥാപനം ഗോതമ്പ് ആട്ട റാഗി എന്നിവയുടെ സംസ്കരണ യൂണിറ്റ് ആണ്. Kerala State Pollution Control Board ന്റെ Certificateഉം അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. അന്വേഷണ റിപ്പോർട്ടിലും യന്ത്രങ്ങളുടെ വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 62ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 അനുവദിക്കേണ്ട ലൈസൻസ് കാലയളവിൽ അപാകത

2021-22 ൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസ് അനുവദിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ബന്ധപ്പെട്ട അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ള, സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടകക്കരാറിന്റെ അടിസ്ഥാനത്തിൽ അനുവദിക്കേണ്ട ലൈസൻസിന്റെ കാലയളവ് ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ലൈസൻസിയുടെ പേര് | വ്യാപാര സ്ഥാപനം | ലൈസൻസിന് അർഹമായ കാലയളവ് |
|---|---|---|---|---|
| 1 | 21/635 | Aneesh Y | St Michaels Boat Yard | 30.11.2021 |
| 2 | 6/505 | T V Manjith Kumar | Elayil Stores | 30.9.2021 |
| 4 | 8/149 | Jasmine S J | Birds Food Court | 31.12.2021 |
| 5 | 5/355(1) | Shifana S | Tasty Milky Icecream | 31.12.2021 |
| 6 | 8/734 | Sam Dixon Lopez | Chaithanya Power Tools And Hard Wares | 31.07.2021 |
| 7 | 18/608 | Babu S | Manna Stores | 30.09.2021 |
| 8 | 16/59 | Anjana Alexander | Edhan Aquarium | 31.10.2021 |
| 9 | 6/200 | Hussain B | Info Paper Solution | 30.09.2021 |

എന്നാൽ മേൽ പറഞ്ഞ അപേക്ഷകർക്കെല്ലാം 2022 മാർച്ച് മാസം വരെ ലൈസൻസ് നൽകിയിരിക്കുന്നു. മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 62ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 വസ്തു നികുതി - വിവിധ അപാകങ്ങൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-14-1 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകത

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള എല്ലാ കെട്ടിടങ്ങളെയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതും ഒരു പഞ്ചവർഷ അസ്സസ്സ്മെന്റ് കാലയളവിലേയ്ക്കായി ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് കെട്ടിട ഉടമയിൽ നിന്നും സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവ് പ്രകാരം നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ വിശദാംശം പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

എ) സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലായെന്ന് സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 1/272(1) | ജമീല, മരയ്ക്കാൻ വിളാകം, പുതുക്കറിച്ചി |
| 2 | 2/183(1) | ബിജു, ആറാന്തല പണയിൽ വീട്, കഠിനംകുളം |
| 3 | 4/58 | ഹുസൈൻ, ആരിഫാബീവി, എ.കെ.ഹൗസ് |
| 4 | 4/446 | സുനിൽ കുമാർ, തോപ്പിൽ വീട് |
| 5 | 5/301 | സഹദ്.എസ്, സഹദ് മൻസിൽ |
| 6 | 6/210(1) | കുമാർ.എം, മണക്കാട്ടുവിളാകം |
| 7 | 6/238(1) | ഹരുൺ.എം, കോണത്തുവീട് |
| 8 | 6/1226 | നിർമ്മല കുമാരി, ലക്ഷ്മി വിഹാർ |
| 9 | 7/480(1) | സഹീന.ജെ.എസ്, എൻ.എസ്.മൻസിൽ |
| 10 | 7/496 | പ്രവീൺ, ശാന്ത, ആർച്ച ഭവൻ |
| 11 | 10/1046(1) | സുരേഷ് ബാബു, വേലിത്തറ പുരയിടം |

ബി) മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതലാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് /വിലാസം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 2/719(1) | ജോയ്സ്, ഡബ്ല്യൂ ഹൗസ് | 2014 രണ്ടാം അർദ്ധ വർഷം മുതൽ |
| 2 | 3/706 | ശാന്തമ്മ, പുറത്തേവെളിക്കകം | 2014 ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 4/715 | നിസറുദ്ദീൻ, എസ്.കെ.മൻസിൽ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 12/450 | മറിയാമ്മ ഗോമസ്, തോമയ് ഗോമസ്, പുതുവൽ പുരയിടം | 2013 ഒന്നാം അർദ്ധ വർഷം മുതൽ |

സി) നിയമാനുസൃതമല്ലാത്ത കെട്ടിടമായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന കെട്ടിടങ്ങൾക്ക് ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അർഹമായ വസ്തുനികുതി ഇളവ് അനുവദിച്ചിരിക്കുന്നു.

| ക്രമ നം. | കെട്ടിട നം. | അനധികൃത നിർമ്മാണത്തിന്റെ വർഷം | ഉപയോഗം തുടങ്ങിയ തീയതി | ഉടമ/സ്ഥാപനം | വാർഷിക നികുതി | നികുതി ഇളവ് ആരംഭിച്ചത് |
|---|---|---|---|---|---|---|
| 1 | 1/413 B Ua | 2017-18 | 11.07.17 | അമീർഖാൻ, തെരുവിൽ തൈവിളാകം, പുതുക്കുറിച്ചി | 961 | 2017 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 1/48 A Ua | 2017-18 | 07.08.17 | ഹാജിറ, താഹിർ, ശെവിക്കവിളാകം | 785 | 2017 ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 16/334 A Ua | 2017-18 | 12.01.18 | മെറീന സ്റ്റാലിൻ, സുനിതഹൗസ്, വെട്ടുതുറ | 873 | 2017 രണ്ടാം അർദ്ധ വർഷം മുതൽ |
| 4 | 17/640 1au/a | 2015-16 | 07.10.17 | ഫ്രാൻസിസ് ജേക്കബ്, വചൻ, മര്യനാട് | 479 | 2017 ഒന്നാം അർദ്ധ വർഷം മുതൽ |
| 5 | 22/260 Au/a | 2017-18 | 20.02.18 | സജി ബാബു, അമ്പിളികോട്ടേജ്, പുതുക്കുറിച്ചി | 580 | 2018 ഒന്നാം അർദ്ധ വർഷം മുതൽ |
| 6 | 22/260 Bu/a | 2017-18 | 26.02.18 | സജി ബാബു, അമ്പിളികോട്ടേജ്, പുതുക്കുറിച്ചി | 508 | 2018 ഒന്നാം അർദ്ധ വർഷം മുതൽ |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 16/10.11.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-14-2 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ നികുതി ഈടാക്കുന്നില്ല

നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്യുന്നില്ല. 1 മുതൽ 5 വരെയുള്ള വാർഡുകൾ പരിശോധിച്ചതിൽ നിന്നുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | സഞ്ചയ പ്രകാരമുള്ള വാർഷിക വസ്തു നികുതി | നികുതി കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | 1/48/au/a | ഹാജിറ, താഹിർ, ശെവിക്കവിളാകം | 785 | 2017 ഒന്നാം അർദ്ധവർഷം മുതൽ |
| 2 | 1/413/ Bu/a | അമീർഖാൻ, തെരുവിൽ തൈവിളാകം | 961 | 2017 ഒന്നാം അർദ്ധവർഷം മുതൽ |
| 3 | 1/537 /Bu/a | തനൂജ നാസർ, പണിയിൽ വീട് | 797 | 2017 ഒന്നാം അർദ്ധവർഷം മുതൽ |
| 4 | 2/742 /Au/a | സുലോചന, മുള്ളുവിളാകം | 961 | * 2021 ഒന്നാം അർദ്ധവർഷം മുതൽ |
| 5 | 3/389/aua | ശ്രീലത, വയൽവീട് | 801 | 2017 ഒന്നാം അർദ്ധവർഷം മുതൽ |

| | | | | |
|---|---|---|---|---|
| 6 | 4/62 / Au/a | സക്കീന അബ്ദുൾ സമദ്, ആറ്ററികത്ത് വീട് | 350 | ** 2015 ഒന്നാം അർദ്ധവർഷം മുതൽ |
| 7 | 4/64 / Au/a | സക്കീന അബ്ദുൾ സമദ്, ആറ്ററികത്ത് വീട് | 886 | * 2020 ഒന്നാം അർദ്ധവർഷം മുതൽ |
| 8 | 4/72 /Au/a | റംലബീവി, ആറ്ററികത്ത് വീട് | 964 | 2017 ഒന്നാം അർദ്ധവർഷം മുതൽ |
| 9 | 4/75 /AU/A | സംസൂനത്ത്/അബൂബക്കർ, ആറ്ററികത്ത് വീട് | 142 | * 2017 ഒന്നാം അർദ്ധവർഷം മുതൽ |
| 10 | 5/198 / Au/a | അംബി, ജിജിഭവൻ | 700 | 2017 ഒന്നാം അർദ്ധവർഷം മുതൽ |

* ഡിമാന്റ് ചെയ്തിട്ടുണ്ട്. തുക ഒടുക്കിയിട്ടില്ല.

** 2017, 2018 വർഷങ്ങളിലെ നികുതി ഡിമാന്റ് ഇല്ലാതെ തന്നെ ഒടുക്കിയിരിക്കുന്നു.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 25/14.11.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നിയമാനസൃതമല്ലാത്ത കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14-3 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം

ഗ്രാമപഞ്ചായത്തിൽ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. വാർഡ് 2 മാത്രം പരിശോധിച്ചതിൽ നിന്നുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | മേഖല |
|---|---|---|---|---|
| 1 | 2/53 | ഷാജഹാൻ, നസീമ | വിളയിൽക്കുളം പുതുക്കുറിച്ചി റോഡ് | ദ്വിതീയം |
| | 2/54 | | വിളയിൽക്കുളം പുതുക്കുറിച്ചി റോഡ് | ത്രിതീയം |
| 2 | 2/115 | പ്രഭാകരൻ | വിളയിൽക്കുളം പുതുക്കുറിച്ചി റോഡ് | ത്രിതീയം |
| | 2/116 | | വിളയിൽക്കുളം പുതുക്കുറിച്ചി റോഡ് | ദ്വിതീയം |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.25/14.11.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേഖല നിർണ്ണയിച്ചതിലെ അപാകത മൂലം വസ്തുനികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-14-4 നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി അനർഹമായി ഇളവ് നൽകി

പാർപ്പിടാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ചുവടെ പറയുന്ന കെട്ടിടങ്ങളെ സെക്ഷൻ 207 (1 (ഡി) ) പ്രകാരം ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നികുതി ഇളവ് ചെയ്തു നൽകിയിരിക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | സഞ്ചയ പ്രകാരം നികുതി ഇളവ് അവസാനിച്ച കാലയളവ് | റിമാർക്സ് |
|---|---|---|---|---|
| 1 | 3/368 | വിനോദ്. എസ്, സൽഗ വില്ല, കഠിനംകുളം | 2014 രണ്ടാം അർദ്ധവർഷം വരെ | നികുതി നിർണയിച്ചിട്ടില്ല |
| 2 | 22/15 | റോബർട്ട്, തെരുവിൽത്തൈവിളാകം, പുതുകുറിച്ചി | 2013 രണ്ടാം അർദ്ധവർഷം വരെ | നികുതി നിർണയിച്ചിട്ടില്ല |
| 3 | 22/69 | ഫ്രാങ്ക്ളിൻ സേവ്യർ, തെരുവിൽത്തൈവിളാകം, പുതുകുറിച്ചി | 2013 രണ്ടാം അർദ്ധവർഷം വരെ | നികുതി നിർണയിച്ചിട്ടില്ല |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 42/17.11.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14-5 ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയ്ക്ക് നികുതി ഇളവ് നൽകിയതിൽ അപാകത

കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 207(1) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ ഉടമസ്ഥൻ സ്വന്തം വാസഗൃഹമായി ഉപയോഗിക്കുന്ന

കെട്ടിടത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 4/273(1) | ജുമൈല ബീവി, മണക്കാട്ടുവിളാകം |
| | 6/708 | ജുമൈല ബീവി, മണക്കാട്ടുവിളാകം |
| 2 | 4/425 | അജയൻ, ആറ്ററികത്തു വീട് |
| | 4/426 | അജയൻ, ആറ്ററികത്തു വീട് |
| 3 | 6/127 | അൻസാരി എ, അൻസാരി മൻസിൽ, കാവോട്ടുമുക്ക് |
| | 6/128 | അൻസാരി എ, അൻസാരി മൻസിൽ, കാവോട്ടുമുക്ക് |
| 4 | 7/3 | ബസിലി സേവ്യർ, സേവ്യർ ജോൺ, ബസിലി കോട്ടേജ് |
| | 7/4 | ബസിലി സേവ്യർ, സേവ്യർ ജോൺ, ബസിലി കോട്ടേജ് |
| | 7/5 | ബസിലി സേവ്യർ, സേവ്യർ ജോൺ, ബസിലി കോട്ടേജ് |
| 5 | 8/104 | കുട്ടപ്പൻ ആശാരി, പുതുവൽപുത്തൻ വീട്, ചിറ്റാറ്റുമുക്ക് |
| | 8/105 | കുട്ടപ്പൻ ആശാരി, പുതുവൽപുത്തൻ വീട്, ചിറ്റാറ്റുമുക്ക് |
| 6 | 8/221 | എഡിസൺ ഗോമസ്, കരിഞ്ഞവയൽ, ചിറ്റാറ്റുമുക്ക് |
| | 8/222 | എഡിസൺ ഗോമസ്, കരിഞ്ഞവയൽ, ചിറ്റാറ്റുമുക്ക് |
| 7 | 8/724 | റോക്കി പെരേര, കോയിക്കരി ഹൗസ്, ചിറ്റാറ്റുമുക്ക് |
| | 8/725 | റോക്കി പെരേര, കോയിക്കരി ഹൗസ്, ചിറ്റാറ്റുമുക്ക് |
| 8 | 18/529 | ലിയോൺസ് റിച്ചൻസ്, പ്രിൻസ് ഹൗസ്, ശാന്തിപുരം |
| | 18/530 | ലിയോൺസ് റിച്ചൻസ്, പ്രിൻസ് ഹൗസ്, ശാന്തിപുരം |
| 9 | 19/205 | ഫെനിൻ ആൻറണി, ഫെനിൻ ആൻസ് ലെയിൻ ഹൗസ് നമ്പർ 66 |
| | 19/206 | ഫെനിൻ ആൻറണി, ഫെനിൻ ആൻസ് ലെയിൻ ഹൗസ് നമ്പർ 66 |
| 10 | 19/257(1) | മുത്തപ്പൻ, അർത്തിൽ പുരയിടം, മര്യനാട് |
| | 19/257(2) | മുത്തപ്പൻ, അർത്തിൽ പുരയിടം, മര്യനാട് |
| 11 | 19/288 | ക്ലാരാമ്മ ഗ്രാശ്യൻ, അർത്തിൽ പുരയിടം, മര്യനാട് |
| | 19/289 | ക്ലാരാമ്മ ഗ്രാശ്യൻ, അർത്തിൽ പുരയിടം, മര്യനാട് |
| 12 | 19/293 | ജൂസ മൈക്കിൾ, അർത്തിൽ പുരയിടം, മര്യനാട് |
| | 19/294 | ജൂസ മൈക്കിൾ, അർത്തിൽ പുരയിടം, മര്യനാട് |
| 13 | 19/306 | ജോസഫ് റ്റൈറ്റസ്, മംഗൽ ഭവൻ, മര്യനാട് |
| | 19/307 | ജോസഫ് റ്റൈറ്റസ്, മംഗൽ ഭവൻ, മര്യനാട് |
| 14 | 19/559 | ജില്ല്, ജോയ് ലാൻറ്, മര്യനാട് |
| | 19/560 | ജില്ല്, ജോയ് ലാൻറ്, മര്യനാട് |
| 15 | 22/32 | ആന്റണി, തെരുവിൽത്തൈവിളാകം, പുതുകുറിച്ചി |
| | 22/34 | ആന്റണി, തെരുവിൽത്തൈവിളാകം, പുതുകുറിച്ചി |
| 16 | 22/57 | മൈക്കിൾ, തെരുവിൽത്തൈവിളാകം, പുതുകുറിച്ചി |
| | 22/58 | മൈക്കിൾ, തെരുവിൽത്തൈവിളാകം, പുതുകുറിച്ചി |
| 17 | 22/59 | പുഷ്പനാഥൻ, തെരുവിൽത്തൈവിളാകം, പുതുകുറിച്ചി |
| | 22/60 | പുഷ്പനാഥൻ, തെരുവിൽത്തൈവിളാകം, പുതുകുറിച്ചി |
| 18 | 22/146 | ഫ്രാൻസിസ്, ബ്ലയിസി, തെരുവിൽത്തൈവിളാകം, പുതുകുറിച്ചി |
| | 22/147 | ഫ്രാൻസിസ്, ബ്ലയിസി, തെരുവിൽത്തൈവിളാകം, പുതുകുറിച്ചി |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.42/17.11.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനർഹമായി നികുതി ഇളവ് അനുവദിച്ചത് സംബന്ധിച്ച് പരിശോധന നടത്തേണ്ടതും തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14-6 കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയം നടത്തി ഡിമാന്റ് ചെയ്തിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതിനിർണയം നടത്തുകയോ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. വാർഡ് 7 ലെ 'പാർപ്പിടാവശ്യം' എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ നിന്നുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരമുള്ള വാർഷിക വസ്തു നികുതി |
|---|---|---|---|---|
| 1 | 6 | ഇന്നസെന്റ്, ചിറ്റാറ്റുമുക്ക് | 80 | നികുതി നിർണയിച്ചിട്ടില്ല |
| 2 | 10 | ബ്രിജിത്ത് ബെയ്സൽ, ജൂഡ് ലാൻറ് | 120 | നികുതി നിർണയിച്ചിട്ടില്ല |
| 3 | 43 | രാജീവ്, സജീവ്, മണക്കാട്ടു വിളാകം, | 100 | നികുതി നിർണയിച്ചിട്ടില്ല |
| 4 | 48 | അസീന, ബൈത്തുൽ സഫ്രാന | 60 | നികുതി നിർണയിച്ചിട്ടില്ല |
| 5 | 52 | അബ്ദുൾ ഖരീം മുസ്ലിയാർ, നസീമ മൻസിൽ | 60 | നികുതി നിർണയിച്ചിട്ടില്ല |
| 6 | 57 | അബ്ദുൾ സലാം/സഹില ബീവി, സലാം മൻസിൽ | 90 | നികുതി നിർണയിച്ചിട്ടില്ല |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 57/19.11.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിലെ എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതി നിർണയം നടത്തേണ്ടതും നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-14-7 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക

താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ 2021-22 വർഷം മുതലുള്ള വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും തുക ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല.

| കെട്ടിട നം.3/750 | | | | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | |
|---|---|---|---|---|---|
| Demand | | | | Collection | Balance |
| Sl. No | Year | Period | Amount | Amount | Amount |
| 1 | 2021 | First Half | 339 | - | 339 |
| 2 | 2021 | Second Half | 338 | - | 338 |
| 3 | 2022 | First Half | 339 | - | 339 |
| 4 | 2022 | Second Half | 338 | - | 338 |

| കെട്ടിട നം.6/870 | | | | റിലൈൻസ് മൊബൈൽ ടവർ | |
|---|---|---|---|---|---|
| Demand | | | | Collection | Balance |
| Sl. No | Year | Period | Amount | Amount | Amount |
| 1 | 2021 | Second Half | 3609 | - | 3609 |
| 2 | 2022 | First Half | 3610 | 3300 | 310 |
| 3 | 2022 | Second Half | 3609 | - | 3609 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 3/09.11.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടെലഫോൺ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14-8 കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും പിരിച്ചെടുത്തിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ എന്ന വിഭാഗത്തിൽ ഉൾപ്പെട്ട ചുവടെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും പിരിച്ചെടുത്തതായി കാണുന്നില്ല.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം | വാർഷിക നികുതി തുക | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 10/1435 | ലീജ ഫ്രാങ്ക്ലിൻ, ലീജാ കോട്ടേജ്, മേനംകുളം | ലോഡ്ജ് | 296.58 $M^2$ | 16817 | 2021 ഒന്നാം അർദ്ധ വർഷം മുതൽ | 33634 |
| 2 | 10/1436 | ലീജ ഫ്രാങ്ക്ലിൻ, ലീജാ കോട്ടേജ്, മേനംകുളം | ലോഡ്ജ് | 333.65 $M^2$ | 16817 | 2020 രണ്ടാം അർദ്ധ വർഷം മുതൽ | 42042 |
| 3 | 10/1437 | ലീജ ഫ്രാങ്ക്ലിൻ, ലീജാ കോട്ടേജ്, മേനംകുളം | ലോഡ്ജ് | 311.6 $M^2$ | 17669 | 2020 രണ്ടാം അർദ്ധ വർഷം മുതൽ | 44172 |
| 4 | 12/723(3) | ജയിൻ ലോറൻസ്, എബി ലോറൻറ്, ജയിൻ വില്ല, തുമ്പ | ലോഡ്ജ് | 13.12 $M^2$ | 497 | 2021 ഒന്നാം അർദ്ധ വർഷം മുതൽ | 994 |
| 5 | 12/723(4) | ജയിൻ ലോറൻസ്, എബി ലോറൻറ്, ജയിൻ വില്ല, തുമ്പ | ലോഡ്ജ് | 13.12 $M^2$ | 497 | 2021 ഒന്നാം അർദ്ധ വർഷം മുതൽ | 994 |
| 6 | 12/723(5) | ജയിൻ ലോറൻസ്, എബി ലോറൻറ്, ജയിൻ വില്ല, തുമ്പ | ലോഡ്ജ് | 13.12 $M^2$ | 497 | 2021 ഒന്നാം അർദ്ധ വർഷം മുതൽ | 994 |
| 7 | 12/723(6) | ജയിൻ ലോറൻസ്, എബി ലോറൻറ്, ജയിൻ വില്ല, തുമ്പ | ലോഡ്ജ് | 13.12 $M^2$ | 497 | 2021 ഒന്നാം അർദ്ധ വർഷം മുതൽ | 994 |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 3/09.11.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഡിമാന്റ് ചെയ്യുന്ന കെട്ടിടങ്ങളുടെ വസ്തു നികതി പിരിച്ചെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14-9 കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച അപാകതകൾ

2021-22 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പെർമിറ്റ് രജിസ്റ്റർ പൂർണമല്ല.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ

പ്രഫോർമ. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പെർമിറ്റ് പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്താത്തതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടോയെന്നും പെർമിറ്റ് കാലാവധി പുതുക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ കഴിയുന്നില്ല. കൂടാതെ പെർമിറ്റ് ഫീ ഒടുക്കിയതിന്റെ വിവരങ്ങളും പൂർണമായി രേഖപ്പെടുത്തിയിട്ടില്ല.

2. അപേക്ഷകളിന്മേൽ സ്വീകരിക്കുന്ന നടപടികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 വർഷം പെർമിറ്റിനായി ലഭിച്ച അപേക്ഷകളിൽ ലഭിച്ച വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പെർമിറ്റ് അനുവദിച്ചതായോ നിരസിച്ചതായോ ചേർത്തിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| അപേക്ഷ ലഭിച്ച തീയതി | അപേക്ഷകന്റെ പേര് |
|---|---|
| A1-2722/21/07.04.21 | ജോസഫ് ഷാൻ വില്യം, ജയൻ മന്ദിരം |
| A1-2997/21/09.04.21 | മെറ്റിൽഡ പെരേര, സതി കോട്ടേജ് |
| A1-3543/21/25.06.21 | സലിയത്ത്, ആറ്ററികത്ത് വീട് |

3. ആവശ്യപ്പെട്ട പെർമിറ്റ് ഫയലുകൾ എല്ലാം തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. 2011ലെ കേരളപഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 85 പ്രകാരം കുടിവെള്ളത്തിന് ഉപയോഗിക്കുന്ന കിണറിന് 7.5 മീറ്റർ ചുറ്റളവിൽ സെപ്റ്റിക് ടാങ്ക് നിർമ്മാണത്തിന് അനുമതി നിൽകാവുന്നതല്ല. കൂടാതെ കെട്ടിടത്തിന്റെ സൈറ്റ് പ്ലാനിൽ മേൽ വിവരം രേഖപ്പെടുത്തേണ്ടതും പെർമിറ്റ് നൽകുമ്പോൾ പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്. എന്നാൽ 2021-22 വർഷം പെർമിറ്റ് അനുവദിച്ച അപേക്ഷകൾ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ പ്ലാനിൽ മേൽ വിവരം രേഖപ്പെടുത്തുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഫയൽ നമ്പർ | ഉടമയുടെ പേര് |
|---|---|
| A1-4702/21 | അരുൺകുമാർ, ഉത്രം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 24/11.11.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ് രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും പെർമിറ്റ് നൽകുന്നതിൽ കൃത്യമായ സമയക്രമം പാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14-10 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകലും വസ്തുനികുതി നിർണയവും - ഫയൽ സൂക്ഷിപ്പിലെ അപാകങ്ങൾ

1. വ്യത്യസ്ത ഫയലുകൾ സൂക്ഷിക്കുന്നു

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ 12900/ആർ/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വ്യത്യസ്ത ഫയലുകളായാണ് പെർമിറ്റ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും നികുതി നിർണ്ണയം നടത്തിയിട്ടുള്ളതും.

2. മേഖലാടിസ്ഥാനത്തിലുള്ള മാപ്പ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോയെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

3. നികുതി നിർണയത്തിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1),(2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയ റിട്ടേൺ 10-ാം ചട്ടം (2):ാം ഉപചട്ടം പ്രകാരം ഫാറം നമ്പർ 2 ൽ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. 2021-22 വർഷം ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ

ഫയലുകളിൽ കെട്ടിട ഉടമ സമർപ്പിക്കേണ്ട ഫാറം നമ്പർ 2 റിട്ടേൺ സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയത് സൂക്ഷപരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച ഫോറം 6 എല്ലാ ഫയലിലും സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 55/19.11.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും കൂടി ഒറ്റ ഫയലിൽ കൈകാര്യം ചെയ്യേണ്ടതും നികുതി നിർണയം സംബന്ധിച്ച രേഖകൾ സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ നികുതി നിർണയത്തിനുള്ള മേഖല അടിസ്ഥാനത്തിലുള്ള മാപ്പ് ഇതുവരെ തയ്യാറാക്കിയിട്ടില്ലെങ്കിൽ എത്രയും വേഗം തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14-11 വസ്തു നികുതി-രജിസ്റ്റർ പരിപാലനം

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട ചുവടെ പറയുന്ന രജിസ്റ്ററുകൾ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല.

1. 2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ചട്ടപ്രകാരമുള്ള ഫാറം നമ്പർ 10 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം ക്രമവൽക്കരണം സംബന്ധിച്ച് അനുബന്ധം - J ഫോറത്തിലുള്ള ഒരു രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നതായി കാണുന്നില്ല. നിലവിൽ പെർമിറ്റ് രജിസ്റ്ററിൽ തന്നെയാണ് ക്രമവൽക്കരണ വിവരങ്ങൾ രേഖപ്പെടുത്തുന്നത്.

3. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 12 ൽ ഫോറം 4 പ്രകാരമുള്ള വസ്തുനികുതി നിർണയ രജിസ്റ്റർ വാർഡടിസ്ഥാനത്തിൽ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ചട്ടം 13 ൽ ഫോറം 8 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പരിപാലിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള രജിസ്റ്ററുകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. സ.ഉ.(കൈ)നം.106/2017/തസ്വഭവ, തീയതി. 26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് നൽകിയിട്ടുണ്ട്. അതിനായി ഓരോ വർഷവും മാർച്ച് 31 ന മുൻപ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത ഇളവ് ലഭിക്കുന്നതിനായി 2021-22 വർഷം ലഭിച്ച അപേക്ഷകളും ബന്ധപ്പെട്ട രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 55/19.11.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ചട്ടപ്രകാരം പരിപാലിക്കേണ്ട എല്ലാ രജിസ്റ്ററുകളും പരിപാലിക്കേണ്ടതും യഥാസമയം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-14-12 റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു

2021-22 വർഷം സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| Sl No. | Ward No. | Door No. | Owner Details | Receipt ID | Receipt No. | Receipt Date | Collection Year | Amount |
|---|---|---|---|---|---|---|---|---|
| 1 | 15 | 202 | മാത്യു പേരേര പുതുവൽ വീട്, പുത്തൻതോപ്പ് | 1001693 | 121290101166 | 15/07/2021 | 2021 | 644 |
| 2 | 15 | 463 | ജോയ്സ്, ജോയ്സ് കോട്ടേജ്, പുത്തൻതോപ്പ് | 1003791 | 121290102794 | 30/09/2021 | 2021 | 316 |
| 3 | 8 | 54 | സുജാത, ജയശ്രീ, പടിഞ്ഞാറ്റുമുക്ക് | 1005715 | 121290104376 | 19/11/2021 | 2021 | 141 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 43/17.11.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിലെ മേൽ അപാകത പരിഹരിക്കേണ്ടതും തുടർവർഷങ്ങളിലെ ഡിമാന്റിൽ നിന്ന് പ്രസ്തുത തുക കുറയാനും അതുവഴി നികുതി വരുമാനം കുറയാനും ഇടയായിട്ടില്ല എന്നത് ഉറപ്പാക്കേണ്ടതും ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-15 തൊഴിൽ നികുതി

തൊഴിൽ നികുതി സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

## 1-15-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് 60 ദിവസത്തിൽ കൂടുതൽ തൊഴിൽ ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ആയതിനാൽ 2020-21 വർഷം പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ള കരാറുകാരുടെ ലിസ്റ്റ് അവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയതു സംബന്ധിച്ച വിവരങ്ങളും ഓഡിറ്റ് അന്വേഷണം നം. 20/10.11.22 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ചുവടെ പറയുന്ന കരാറുകാരുടെ വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | ആർ.ഗോപകുമാരൻ നായർ |
| 2 | ജി.ശശീന്ദ്രൻ നായർ |
| 3 | എസ്.ഷിഹാബുദീൻ |
| 4 | ഹാരി ഓസ്റ്റിൻ |
| 5 | അജി.പി |
| 6 | സുരേന്ദ്രൻ.കെ |
| 7 | പ്രദീപ് കുമാർ.പി.ജി |
| 8 | ശരത് രാജ്.ആർ.ബി |
| 9 | പ്രദീപ്.എസ് |
| 10 | പ്രവീൺ.ഡി |
| 11 | ടി.ഗോപകുമാർ |
| 12 | ദീപു.എസ് |
| 13 | ജി.അജയകുമാർ |
| 14 | നൗഷാദ്.എ |

2021-22 വർഷത്തെ തൊഴിൽ നികുതി ഒടുക്കിയതിന്റെ രസീത് ഹാജരാക്കുന്നതിന് കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി മറുപടി പ്രകാരം അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15-2 തൊഴിൽ നികുതി- വിവിധ അപാകതകൾ

1. തൊഴിൽ നികുതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല.

തൊഴിൽ നികുതി ഈടാക്കിയതു സംബന്ധിച്ച വിവരം രജിസ്റ്ററിൽ പൂർണമായും രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ തുക ഒടുക്കിയിട്ടുണ്ടോയെന്നതിന്റെ തുടർ പരിശോധന നടത്താൻ കഴിയുന്നില്ല. കൂടാതെ പല സ്ഥാപനങ്ങളും തുക ഒടുക്കിയതിന്റെ രസീത് നം. മാത്രമാണ് രജിസ്റ്ററിൽ ഉള്ളത്. തുക ഒടുക്കിയ തീയതി രേഖപ്പെടുത്തുന്നില്ല.

2. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2021-22 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | കഠിനംകുളം ഗ്രാമപഞ്ചായത്ത് കുടുംബശ്രീ |
| 2 | സെന്റ് വിൻസെന്റ് HSS |
| 3 | സെന്റ് ജൂഡ് EM LPS, ഉമ്പ |
| 4 | മിനി മുത്തൂറ്റ് നിധി, ഉമ്പ |
| 5 | ഗിലാജിത്ത് പോളി ക്ലിനിക്ക്, ചിറ്റാറ്റുമുക്ക് |
| 6 | വസുദേവവിലാസം ഹെർമൽ റെമഡിസ് |
| 7 | HIVE LOOP Logistics |
| 8 | Indo Grace E Commerce |

| | |
|---|---|
| 9 | Central Ware House |
| 10 | Oopoottil Tyre |
| 11 | Mukkadan Food Products |
| 12 | DHL Supply Chain Ltd. |

കൂടാതെ എഫ്എച്ച്സി പുതുക്കുറിച്ചി (NHM) സ്റ്റാഫ് ന്റെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

3. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2021-22 ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ഗവ.എൽപിഎസ്, ചേരമാൻ തുരുത്ത് |
| 2 | Our Lady Of Mercy HSS |
| 3 | Jyothis Central School |
| 4 | Ashapurna Mine Charm Ltd. |
| 5 | Pure Petroleum India Ltd. |
| 6 | CVN ആയുർവേദ (P) Ltd |
| 7 | Gem Robotic Industries |
| 8 | ഇൻഡ്യൻ ബാങ്ക്, പുത്തൻതോപ്പ് |
| 9 | ലുലു ഹൈപ്പർ മാർട്ട് |
| 10 | ലേക്ക് പാലസ് |

4. സമയപരിധിക്കുള്ളിൽ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും പിഴ പലിശ ഈടാക്കിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | കാലയളവ് | തൊഴിൽ നികുതി തുക | തൊഴിൽ നികുതി ഒടുക്കിയ തീയതി |
|---|---|---|---|---|
| 1 | കഠിനംകുളം ഗ്രാമപഞ്ചായത്ത് കുടുംബശ്രീ | ഒന്നാം അർദ്ധവർഷം | 750 | 01.12.21 |
| 2 | സാമൂഹികാരോഗ്യകേന്ദ്രം, പുത്തൻതോപ്പ് | ഒന്നാം അർദ്ധവർഷം | 34450 | 05.01.22 |
| 3 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസ്, പുത്തൻതോപ്പ് | ഒന്നാം അർദ്ധവർഷം | 2500 | 18.11.21 |
| 4 | വെറ്ററിനറി ഡിസ്പെൻസറി, കഠിനംകുളം | ഒന്നാം അർദ്ധവർഷം | 4750 | 16.10.21 |
| 5 | സെന്റ് വിൻസെന്റ് H.S. കണിയാപുരം | ഒന്നാം അർദ്ധവർഷം | 22500 | 11.10.21 |
| 6 | ജ്യോതിസ് സെൻട്രൽ സ്കൂൾ | ഒന്നാം അർദ്ധവർഷം | 109250 | 23.11.21 |
| 7 | സെന്റ് സേവ്യേഴ്സ് കോളേജ്, തുമ്പ | ഒന്നാം അർദ്ധവർഷം | 46250 | 12.10.21 |
| 8 | ഡോ.സ്റ്റാൻലി ജോൺസ് സിദ്ധ ഫാർമസി | ഒന്നാം അർദ്ധവർഷം | 1800 | 17.12.21 |
| 9 | ഡിവൈൻ ഗ്യാസസ് പ്രൈ.ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം | 4600 | 01.11.21 |
| 10 | ഡിഎച്ച്എൽ സപ്ലൈ ചെയിൻ | ഒന്നാം അർദ്ധവർഷം | 2500 | 08.10.21 |
| 11 | വിവിഷ് ടെക്നോളജീസ് | ഒന്നാം അർദ്ധവർഷം | 44550 | 28.10.21 |

5. സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, പുതുക്കുറിച്ചി |
| 2 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, സെന്റ് ആൻഡ്രൂസ് |
| 3 | മിനി മുത്തൂറ്റ് നിധി ലിമിറ്റഡ്, ഉമ്പ |
| 4 | ശിലാജിത്ത് പോളിക്ലിനിക്ക്, ചിറ്റാറ്റുമുക്ക് |
| 5 | ഹൈവ് ലൂപ് ലോഗിസ്റ്റിക്സ് |
| 6 | സെന്റ് ജൂഡ് ഫ്യൂവൽസ് |
| 7 | ELK പ്രോഡക്ട്സ് |
| 8 | പ്യൂർ പെട്രോളിയം ഇൻഡ്യ ലിമിറ്റഡ് |
| 9 | ജെം റോബാട്ടിക് ഇൻഡസ്ട്രീസ് |
| 10 | ലുലു ഹൈപ്പർമാർട്ട് |

6. നിശ്ചിത ഫോർമാറ്റിൽ തൊഴിൽ നികുതി പത്രിക സമർപ്പിക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 14,16 പ്രകാരം ഫാറം നമ്പർ II മാതൃകയിൽ വേണം സ്ഥാപനങ്ങൾ തൊഴിൽ നികുതി പത്രികകൾ സമർപ്പിക്കേണ്ടത്. എന്നാൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ ആകെ അർദ്ധ വാർഷിക വരുമാനം/തൊഴിൽ നികുതി തുകയുടെ വിവരം മാത്രമാണ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ ജീവനക്കാരുടെ വരുമാനയിനങ്ങളെല്ലാം ഉൾപ്പെടുത്തിയാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 52/18.11.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 പരിസ്ഥിതി സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കണം

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018] ഖണ്ഡിക 7.7.3 പ്രകാരം കാവുകളുടെയും കണ്ടൽ കാടുകളുടെയും സംരക്ഷണത്തിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1) ഓരോ തദ്ദേശസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽ കാടുകളുടെയും പട്ടിക തദ്ദേശഭരണ സ്ഥാപനതല ഹരിതകേരള മിഷൻ ടീം തയ്യാറാക്കണം.

2) ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കാൻ ചുമതല നിശ്ചയിക്കണം.

3) ചെലവ് കുറഞ്ഞ രീതിയിൽ മുള്ള് വേലി കെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവൃത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.

4) LSGD എഞ്ചിനീയറുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ പരിശോധിച്ച് ചെയ്യേണ്ട പ്രവൃത്തികൾ നിശ്ചയിച്ച് അടങ്കൽ തുക നിശ്ചയിക്കണം. നിർവ്വഹണം സ്വാകാര്യ കാവുകളുടെ കാര്യത്തിൽ ഉടമസ്ഥരെയും ബന്ധപ്പെട്ട സ്ഥാപനങ്ങളെയും പൊതുകാവുകളുടെ കാര്യത്തിൽ പ്രാദേശിക കൂട്ടായ്മകളെയും ഏല്പിച്ച് നടപ്പാക്കണം.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.19/10.11.22 ന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിസ്ഥിതി സംരക്ഷണത്തിനായി ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ട പ്രകാരം പേമാരി, വെള്ളപ്പൊക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക് അടിയന്തര ധനസഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും ഓരോ പ്രമേയം മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാടിസ്ഥമുള്ള കലാ-കായിക -വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് സംഭാവനകൾ സ്വീകരിച്ചും

ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവു- ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൌണ്ട് തുടങ്ങേണ്ടതും, ലഭിക്കുന്ന സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ള രസീതുകൾ നൽകേണ്ടതുമാണ്. അപ്രകാരം ഒരു അക്കൗണ്ട് നിലനിൽക്കുന്നില്ല എന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധിയുടെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.35/16.11.22 ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവുകളിലൂടെ നിഷ്കർഷിച്ചിരിക്കുന്ന ഫണ്ടുകൾ രൂപീകരിക്കുന്നതിലും അവയുടെ വിനിയോഗത്തിലും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ രജിസ്ട്രേഷൻ- അപാകങ്ങൾ

A) വാർഷിക ധനകാര്യ പത്രിക പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഇനത്തിൽ 50 രൂപ വരവുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

B) രജിസ്റ്റർ പ്രകാരം2020-21ൽ രജിസ്ട്രേഷൻ ഉള്ള ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് 2021-22ൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളെ 2021-22 ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണവും, ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | 2020-21 ലെ രജിസ്ട്രഷൻ നം | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 5495/2020 | Grace Dental Clinic |
| 2 | 7096/2020 | Matha Dental Clinic |

മേൽ അപാകങ്ങൾക്കുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 63ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 സോളാർ എൽ ഇ ഡി സ്ഥാപിക്കൽ - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല – 10,21,204/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. | 99/22 |
| അടങ്കൽ | 1320000/- രൂപ |
| ബിൽ നം. | 22/10.06.21 |
| ചെലവ് | 1021204/- രൂപ |

പഞ്ചായത്തിലെ വിവിധ വാർഡുകളിലായി ആകെ 120സോളാർ മിനി മാസ്റ്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനുമായി സെക്രട്ടറി 19.8.20ലെ A2-3918/20 നം കത്ത് മുഖേന SIDCOയെ ചുമതലപ്പെടുത്തി. ടെണ്ടർ നടപടികളൊന്നും പാലിച്ചിട്ടില്ല. സർക്കാർ ഉത്തരവ് മുഖേന എൽ.ഇ.ഡി. സ്ഥാപിക്കലിന് അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടില്ലാത്ത സിഡ്കോയ്ക്ക് ടി പ്രവൃത്തിയുടെ ചുമതല നൽകിയതെങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്.

സെക്രട്ടറിയുടെ മേൽസൂചിപ്പിച്ച കത്തിൽ കേടായ വിളക്കുകൾ ഓഫീസിൽ തിരികെ ഏല്പിക്കണമെന്നും പുതിയ വിളക്കുകൾ പ്രവർത്തനക്ഷമമാകുന്നതു മുതൽ ഒരു വർഷത്തിനുള്ളിൽ കേടാകുന്നവ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കുന്നത് സിഡ്കോയുടെ ഉത്തരവാദിത്തമായിരിക്കുമെന്നും ഈ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ വെയ്ക്കണമെന്നും പറയുന്നു. എന്നാൽ ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതു സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിതരണം ചെയ്ത തീയതി മുതൽ ഒരു വർഷത്തെ വാറണ്ടിയാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

Solar Minimast Maintenance Including Installation And Labour Charge-11000/- രൂപ എന്ന് കാണിച്ച് ഒരു ഇൻവോയ്സ് മാത്രമാണ് സിഡ്കോ ലഭ്യമാക്കിയിട്ടുള്ളത്. വിവിധ വാർഡുകളിലായി (വാർഡ് 1 -8 : 12 എണ്ണം, വാർഡ് 10 – 15 : 9 എണ്ണം, വാർഡ് 16 – 23 : 5 എണ്ണം) ആകെ 26 എണ്ണം മെയിന്റനൻസ് ചെയ്തതായാണ് മെമ്പർമാർ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്. 120 എണ്ണം നന്നാക്കിയതായി കാണിച്ച് ആകെ 1319943/-രൂപയ്ക്കാണ് സ്ഥാപനം ബിൽ നൽകിയിട്ടുള്ളത്. 104 എണ്ണം മാത്രമാണ് റിപ്പയർ ചെയ്തതെന്ന് കാണിച്ചാണ് 1021204/-രൂ സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളത്. മെയിന്റനൻസ് സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം ശേഷിച്ച തുക മുഴുവനായി അനുവദിക്കാൻ ഫയലിൽ ഉത്തരവിട്ടിട്ടുമുണ്ട്. വ്യക്തമായ വിനിയോഗരേഖകളില്ലാതെ തുക അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല. 10,21,204/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 104 വിളക്കുകളുടെ മെയിന്റനൻസ് വിവരങ്ങൾ, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവ ഭരണസമിതി അംഗീകാരത്തോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-20 വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല – 13518185/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ ചുവടെച്ചേർക്കുന്ന പദ്ധതികളിൽ വിവിധ ഏജൻസികൾക്ക് നിക്ഷേപമായി തുകകൾ നൽകിക്കാണുന്നു.

| ക്രമ നം | പ്രോജക്ട് നം | പദ്ധതി | ബിൽ നം/ തീയതി | തുക രൂ |
|---|---|---|---|---|
| 1 | 1/22 | IKMന് വിഹിതം നൽകൽ | 23/10.6.21 | 216905 |
| 2 | 2/22 | SSA വിഹിതം | 24/10.6.21 | 1998530 |
| 3 | 90/22 | DPC കെട്ടിടനിർമ്മാണത്തിന് തുക നൽകൽ | 48/30.6.21 | 300000 |
| 4 | 95/22 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 345/6.3.22 | 6091000 |
| 5 | 94/22 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 440/30.3.22 | 999460 |
| 6 | 148/22 | സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് ഏർപ്പെടുത്തൽ | 139/19.10.21 | 3912290 |
| | | ആകെ | | 13518185 |

പ്രസ്തുത പദ്ധതികളൊന്നും നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളതായി രേഖകൾ ഹാജരാക്കിയില്ല. നിർവ്വഹണ ഏജൻസികളുമായി കരാർ ചമക്കുകയും ചെയ്തിട്ടില്ല. ഇക്കാരണങ്ങളാൽ 1,35,18,185/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൃത്യമായ ചെലവുരേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-21 തെരുവുവിളക്ക് മെയിന്റനൻസ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. | 93/22 |

| | |
|---|---|
| അടങ്കൽ | 1000000/- രൂപ |
| ബിൽ നം. | 415/24.03.22 |
| ചെലവ് | 187500/- രൂപ |

'നിലാവ്' പദ്ധതിയിലുൾപ്പെടാത്ത പോസ്റ്റുകളിലെ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായാണ് പ്രസ്തുത പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ടെണ്ടർ നടപടികളിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ സുരേഷ്, എ വൺ ഏജൻസീസ് എന്നയാളെ പ്രവൃത്തി ഏല്പിക്കുകയും ചെയ്തു.

തെരുവുവിളക്കുകൾ പ്രവർത്തിക്കാത്തത് സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുവാൻ ഓഫീസിൽ സൂക്ഷിച്ചുപോരുന്ന പരാതി രജിസ്റ്റർ കരാറുകാരൻ ആഴ്ചയിൽ ഒരിക്കലെങ്കിലും പരിശോധിച്ച് അതിൽ രേഖപ്പെടുത്തിയ പരാതികൾ 24 മണിക്കൂറിനകം പ്രവർത്തനക്ഷമമാക്കേണ്ടതാണെന്നും യാതൊരു കാരണവശാലും KSEBയുടെ അംഗീകൃതനിരക്കിനേക്കാൾ കൂടുതൽ അനുവദിക്കുന്നതല്ലായെന്നും ടെണ്ടർ നോട്ടീസിൽ പരാമർശമുണ്ട്. എന്നാൽ ഇപ്രകാരമൊരു പരാതി രജിസ്റ്റർ ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. 'നിലാവ്' പദ്ധതിയിലുൾപ്പെട്ട വിളക്കുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

തുരുമ്പെടുത്തതും പൊട്ടിനശിച്ചതും നന്നാക്കാനാവാത്തതുമായ തെരുവുവിളക്കുകൾ മെയിന്റനൻസ് ചെയ്യുന്നതല്ലെന്നും പകരം ടി പോസ്റ്റുകളിൽ പുതിയ ബൾബുകൾ സ്ഥാപിക്കുന്നതാണെന്നും കരാറിൽ വ്യവസ്ഥയുണ്ട്. ഇപ്രകാരം പുതിയ വിളക്കുകൾ സ്ഥാപിച്ചതിനും പഴയവയുടെ അറ്റകുറ്റപണികൾ ചെയ്തതിനും ഒരേ നിരക്ക് (375/-രൂപ) നിശ്ചയിച്ചതെങ്ങനെയെന്ന് വിശദീകരിച്ചിട്ടില്ല. KSEBയുടെ അംഗീകൃതനിരക്കുകൾ എത്രയെന്നതും വ്യക്തമല്ല.

മാറ്റുന്ന ഉപകരണങ്ങളെ സംബന്ധിച്ചുള്ള ഒരു വ്യവസ്ഥയും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത ഉപകരണങ്ങൾ ഓഫീസിൽ തിരികെ ഏല്പിച്ചതായോ അവ സ്റ്റോക്കിലെടുത്തതായോ രേഖയില്ല. 2518 വിളക്കുകൾ റിപ്പയർ ചെയ്തതായാണ് കരാറുകാരൻ അറിയിച്ചിട്ടുള്ളതും മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും. 2000വിളക്കുകൾ നന്നാക്കിയതിനുള്ള ആദ്യഗഡു തുകയാണ് കരാറുകാരന് നൽകിയതെന്നും 2000എന്നത് ഏകദേശകണക്കാണെന്നും എൻക്വയറി നം 22ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി ഫയലിനൊപ്പം മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമല്ല.

വ്യക്തമായ കരാർ വ്യവസ്ഥകളോ കൃത്യമായ രേഖകളോ കൂടാതെ ഇപ്രകാരം വൻതുക ചെലവഴിച്ച് പദ്ധതിനിർവ്വഹണം നടത്തുന്നത് പൊതുപണത്തിന്റെ നഷ്ടത്തിന് വഴിവെയ്ക്കുമെന്നതിനാൽ ആയതിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 റോഡ് കട്ടിംഗ് ചാർജ്ജസ് വാട്ടർ അതോറിട്ടിക്ക് നൽകിയത് - 537175/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം | 95/22 |
| അടങ്കൽ | 6096000/-രൂപ |
| ബിൽ നം | 345/6.03.22 |
| ചെലവ് | 6091000/- രൂപ (ധനകാര്യകമ്മിഷൻ ഗ്രാന്റ്) |

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി ആറ്റിങ്ങൽ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എസ്റ്റിമേറ്റ് പ്രകാരം തുക ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത എസ്റ്റിമേറ്റിന്റെ 15-ാമത്തെ ഇനം ടാർ കട്ടിംഗ് ചാർജ്ജായ 537175/- രൂപയാണ്. ഇതുൾപ്പടെയുള്ള തുകയാണ് വാട്ടർ അതോറിറ്റിയിലേക്ക് ഒടുക്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച എൻക്വയറിക്ക് (നം:7) മറുപടിയായി PWDറോഡിനുള്ള ചാർജ്ജാണ് ഒടുക്കിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റിലെ ഇനം നം:14 ആയി PWD റോഡിനുള്ള കട്ടിംഗ് ചാർജ്ജ് 62074/-രൂ ഇതു കൂടാതെ തന്നെ ഉൾപ്പെടുത്തി ഒടുക്കിയിട്ടുള്ളതാണ്. അധികമായി വാട്ടർ അതോറിറ്റിയിലേക്ക് ഒടുക്കിയ തുക തിരികെ ഈടാക്കാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-23 നിക്ഷേപപ്രവൃത്തികൾക്ക് കരാർ - മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

13ാം പദ്ധതി മാർഗരേഖയിലെ ഖ 8.3(17)ൽ ഒരു നിർമ്മാണപ്രവൃത്തിക്ക് തുക മുൻകൂർ നൽകണമെങ്കിൽ ആ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷം ഗ്രാമപഞ്ചായത്തിന് നൽകേണ്ടതും ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. നിക്ഷേപപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർപ്രവർത്തനങ്ങൾ സെക്രട്ടറി സ്വീകരിക്കേണ്ടതുണ്ട്. സ.ഉ(കൈ) 11/2018 തീ: 29.01.18പ്രകാരം പ്രവൃത്തികളുടെ നിർവ്വഹണപുരോഗതി DPC പ്രതിമാസം വിലയിരുത്തി ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതുണ്ട്. കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരവും നിർവ്വഹണ ഏജൻസിയുമായി

കരാറിൽ ഏർപ്പെടേണ്ടതുണ്ട്.

പഞ്ചായത്തിൽ വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് എന്നീ ഏജൻസികൾക്ക് വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി നിക്ഷേപത്തുകകൾ കൈമാറിയിട്ടുണ്ടെങ്കിലും കരാറൊന്നും വെച്ചിട്ടില്ല. ഇത് സംബന്ധിച്ച എൻക്വയറിക്ക് (നം:7) മറുപടിയായി ഓഫീസിലെ തിരക്കുകൾ കാരണമാണ് കരാർ വെയ്ക്കാൻ കഴിയാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. നിലവിലുള്ള ചട്ടങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കാതെയുള്ള പദ്ധതിനിർവ്വഹണം അഭികാമ്യമല്ല. ആയതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 നിർവ്വഹണോദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്

പഞ്ചായത്തിലെ നിർവ്വഹണോദ്യോഗസ്ഥരായ മെഡിക്കൽ ഓഫീസർ (FHC), ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവരുടെ പേരുകളിൽ പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ഉള്ളതായി കാണുന്നു. കണ്ടിജന്റ് ചെലവുകൾക്കായി അനുവദിക്കപ്പെടുന്ന തുകകൾ മുഴുവൻ ഈ സേവിംഗ്സ് അക്കൗണ്ടുകളിലേക്ക് മാറിയിടുകയാണ് ചെയ്യുന്നത്. (ഫിഷറീസിന്റേത് മത്സ്യഭവൻ ഓഫീസറുടെ പേരിലുള്ള അക്കൗണ്ടാണ്. നിർവ്വഹണോദ്യോഗസ്ഥയ്ക്ക് പണം പിൻവലിക്കാനും കഴിയില്ല). പ്രസ്തുത അക്കൗണ്ടുകളിൽ വർഷാവസാനം യഥാക്രമം 39986/- രൂപ, 3168/- രൂപ എന്നിങ്ങനെ നീക്കിയിരിപ്പുമുണ്ട്.


സർക്കുലർ നം. 1/2021/ധന തീയതി: 04.01.21 പ്രകാരം നിർവ്വഹണോദ്യോഗസ്ഥർ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി അക്കൗണ്ടുകൾ ക്ലോസ് ചെയ്യാനുള്ള നടപടികൾ താമസംവിനാ സ്വീകരിക്കേണ്ടതാണ്.

## 1-25 പൊതു കമ്പോസ്റ്റ് കുഴി നിർമ്മാണം (എം.ജി.എൻ.ആർ.ഇ.ജി.എസ്.പദ്ധതി) ലക്ഷ്യം പൂർത്തീകരിച്ചില്ല

| | |
|---|---|
| പദ്ധതി നമ്പർ | 536/2021-'22 |
| പദ്ധതിയുടെ പേര് | കഠിനംകുളം ഗ്രാമപഞ്ചായത്തിൽ പൊതു കമ്പോസ്റ്റ് കുഴി നിർമ്മാണം (എം.ജി.എൻ.ആർ.ഇ.ജി.എസ്) |
| ഫയൽ നമ്പർ | 536/2021-22, തീയതി: 16.11.2021 |
| പ്രവൃത്തി തുടങ്ങിയ ദിവസം | 02.02.2022 |
| പ്രവൃത്തി പൂർത്തീകരിച്ച ദിവസം | 15.02.2022 |
| ചെലവ് തുക | 88,569/- |
| എം.ബുക്ക് നമ്പർ | 0282/2021-22 |
| പ്രവൃത്തി നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ബി രാമചന്ദ്രൻ നായർ, അക്രഡിറ്റഡ് എഞ്ചിനീയർ |

സ്ഥലപരിശോധനയിൽ, മേൽ വിവരിച്ച പ്രവൃത്തി പൂർത്തികരിച്ച് ഒൻപത് മാസം കഴിഞ്ഞിട്ടും കമ്പോസ്റ്റ് കുഴിയുടെ പ്രവർത്തനം ആരംഭിച്ചില്ല എന്ന് കണ്ടെത്തി.








വർക്ക് ഓർഡർ നമ്പർ 536/2021-22 പ്രകാരം 02.02.2022 ൽ ആരംഭിച്ച് 15.02.2022 ന് പൂർത്തിയാക്കിയ പ്രവൃത്തിക്ക് ആകെ 88,569/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇത് ഉപയോഗ്യമാകുന്നതിന് കെട്ടിനുള്ളിൽ ഒരു പാർട്ടീഷ്യൻ കൂടി നിർമ്മിക്കേണ്ടതുണ്ട്. ആയത് അടിയന്തിരമായി നിർവ്വഹിച്ച് പദ്ധതി പ്രയോജന പ്രദമാക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-26 അപേക്ഷകളിൻമേൽ പരിശോധന ഇല്ലാതെ ആനുകൂല്യം അനുവദിച്ചു

(1) ഗുണഭോക്താക്കളുടെ അപേക്ഷകളിൻമേൽ കൃഷി അസിസ്റ്റന്റിന്റെ പരിശോധന റിപ്പോർട്ട്, കൃഷി ഓഫീസറുടെ റിപ്പോർട്ട് എന്നിവ ഇല്ലാതെ തന്നെ പദ്ധതി ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി നമ്പർ : 139

പദ്ധതിയുടെ പേര് : പച്ചക്കറി കൃഷി വ്യാപനം (2020-'21)

അടങ്കൽ തുക : 5825/-

ചെലവ് തുക : 3335/-

ഫണ്ടിനം : വികസന ഫണ്ട്

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ |
|---|---|---|
| 01 | നസീറാ ബീവി | 2<br>വിതരണ രജിസ്റ്ററിൽ പച്ചക്കറി വാങ്ങിയതിന്റെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല |
| 02 | അനിത എൻ | 2 |
| 03 | സുനിത കുമാരി എ | 8 |

| | | |
|---|---|---|
| 04 | ശശികല കുമാരി കെ | 2 |
| 05 | ലിസ്സി ജോൺസൺ | 13 |

ഗുണഭോക്താക്കളുടെ അർഹതയും മുൻഗണന മാനദണ്ഡവും കൃത്യമായി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ കൂടി ചുമതലയാണ്. ആയത് ഗൗരവപൂർവ്വം ശ്രദ്ധിക്കേണ്ടതാണ്.

(2) പദ്ധതി നമ്പർ : 144

പദ്ധതിയുടെ പേര് : പച്ചക്കറി കൃഷി മുറ്റത്തും ടെറസ്സിലും (2020-'21)

അടങ്കൽ തുക : 4,36,000/-

ചെലവ് തുക : 3,04,500/-

ഫണ്ടിനം : വികസന ഫണ്ട്

ബിൽ നമ്പർ. തീയതി : 2/2021-'22, 25.06.2021

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് |
|---|---|
| 01 | ഷീജ |
| 02 | നസീമ ബീഗം |
| 03 | ഷെഫീന ബീഗം |
| 04 | ഉഷ |
| 05 | മെർലിൻ |

ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുക എന്നതാണ് ഒരു നിർവ്വഹണ ഉദ്യോഗസ്ഥന്റെ കർത്തവ്യം. എന്നാൽ അപേക്ഷകൾ വേണ്ടത്ര പരിശോധിക്കാതെയാണ് കൃഷി അസിസ്റ്റന്റും, കൃഷി ഓഫീസറും ആനുകൂല്യം അനുവദിച്ചിരിക്കുന്നത്. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അപാകം പരിശോധിച്ച് കൃത്യമായ മറുപടി നൽകേണ്ടതാണ്.

## 1-27 എം.ജി.എൻ.അർ.ഇ.ജി.എസ്സ്. രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ അപാകത

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ ഉപയോഗിക്കുന്ന രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ അപാകതകളുണ്ട്. ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

1. ജോബ് കാർഡ്

ഏകദേശം 4000 പേജുകളുള്ള രജിസ്റ്ററിൽ പേജ് നമ്പറുകൾ രേഖപ്പെടുത്തിയിട്ടില്ല. ഒന്നിടവിട്ട പേജുകൾ എതിർ ദിശയിലാണ് ബൈൻഡ് ചെയ്തിരിക്കുന്നത്.

2. മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ പെൻസിൽ ഉപയോഗിച്ചാണ് വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3. ആസ്തി രജിസ്റ്റർ

പ്രവൃത്തികൾ പൂർത്തീകരിച്ച വിവരങ്ങൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആസ്തി രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി നടത്തുന്നത് എന്ന് വിലയിരുത്തേണ്ടത് പ്രധാനമാണ്. തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-28 ഗ്രാമ പഞ്ചായത്തിൽ ജോയിന്റ് കമ്മിറ്റികൾ രൂപീകൃതമായിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 163-ാം വകുപ്പ് ഓരോ പഞ്ചായത്തിനും പ്രസ്തുത വകുപ്പിൽ വ്യക്തമാക്കിയ പ്രകാരം പ്രവർത്തന കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി അധികാരം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ 164-ാംവകുപ്പ് അനുസരിച്ച് ഓരോ പഞ്ചായത്തിനും സ്റ്റാന്റിംഗ് കമ്മിറ്റിയേയോ പ്രവർത്തന കമ്മിറ്റികളേയോ ഏതെങ്കിലും പണിയോ പദ്ധതിയേയോ പ്രോജക്ടോ പ്ലാനോ നടപ്പാക്കുന്നതിൽ സഹായിക്കുന്നതിലേക്കായി പഞ്ചായത്തിലെ അംഗങ്ങളും പൊതുജനക്ഷേമത്തിൽ താൽപര്യമുള്ളവരും പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്നവരുമായ മറ്റാളുകളുമടങ്ങിയ സബ്കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി അധികാരം നൽകിയിട്ടുണ്ട്. ഇതിനു പുറമെ ഇതേ നിയമത്തിലെ 165-ാം വകുപ്പ് മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് ജോയിന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും അധികാരം നൽകുന്നുണ്ട്.

പഞ്ചായത്തിൽ ഇപ്രകാരം പ്രവർത്തന കമ്മിറ്റികളോ, സബ്കമ്മിറ്റികളോ, ജോയിന്റ് കമ്മിറ്റികളോ രൂപീകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.26/14.11.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റിയറിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുള്ളതായി അറിയിച്ചിരിക്കുന്നു. 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടിക പ്രകാരം അതിന്റെ ചുമതലകൾ യഥാവിധി

നിർവ്വഹിക്കുന്നതിന് ഇത്തരം കമ്മറ്റികൾ സഹായകരമാകുമെന്നതിനാൽ നിയമപ്രകാരം ആയത് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-29 പ്രതിമാസ റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് യഥാസമയം സമർപ്പിക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 162 എ (l) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ആഡിറ്റ്, ബഡ്ജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 60 പ്രകാരം പ്രതിമാസ റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് അടുത്തമാസം 10 തീയതിക്ക് മുമ്പായി സെക്രട്ടറി നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ധനകാര്യ സ്ഥിരം സമിതിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്ഥിരം സമിതിയുടെ പരിശോധനയ്ക്കും ഓഡിറ്റിനും ശേഷം കമ്മിറ്റിയുടെ ശുപാർശയോടുകൂടി, തുടർന്നു വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ സമർപ്പിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രതിമാസ വരവ് ചെലവ് കണക്കുകൾ അടുത്തമാസം 10 തീയതിക്ക് മുമ്പായി തയ്യാറാക്കി ധനകാര്യ സ്ഥിരം സമിതിയ്ക്ക് സമർപ്പിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | ധനകാര്യ സ്ഥിരം സമിതി വരവ്, ചെലവ് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 3/21 | 13.04.21 |
| 4/21 | 18.06.21 |
| 5/21 | 23.07.21 |
| 6/21 | 27.08.21 |
| 7/21 | 25.09.21 |
| 8/21 | 27.10.21 |
| 9/21 | 27.11.21 |
| 10/21 | 30.12.21 |
| 11/21 | 11.01.22 |
| 12/21 | 11.02.22 |
| 1/21 | 23.03.22 |
| 2/22 | 29.04.22 |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 58/19.11.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രതിമാസ റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് അടുത്തമാസം 10 തീയതിക്ക് മുൻപായി ധനകാര്യ സ്ഥിരം സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

## 1-30 ഹരിതകർമ്മസേനയുടെ പ്രവർത്തനം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളാണ്. 2021-22 വർഷം പഞ്ചായത്തിൽ രൂപീകരിച്ച ഹരിതകർമ്മസേനയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

എ) സ.ഉ.(സാധാ)നം.2420/2017/തസ്വഭവ, തീയതി.15.07.2017 പ്രകാരം ഹരിതകർമ്മസേന രൂപീകരിച്ചത് (തീയതി, മറ്റ് വിശദാംശങ്ങൾ), കൺസോർഷ്യം എന്ന രീതിയിൽ സംരംഭമായി രജിസ്റ്റർ ചെയ്തത് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ.

ബി) സ.ഉ.(സാധാ)നം.1496/2020/തസ്വഭവ, തീയതി.12.08.20 പ്രകാരമുള്ള 'ഹരിതകർമ്മസേന പ്രവർത്തന മാർഗ്ഗരേഖ' പ്രകാരം ഹരിതകർമ്മസേനയ്ക്കായി ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യങ്ങൾ, സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ലഭ്യമാക്കേണ്ടതാണ്. ആയതിനു സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ.

സി) മാർഗ്ഗരേഖ പ്രകാരം കണക്കെഴുത്ത്/കണക്ക് സൂക്ഷിപ്പ് സംവിധാനങ്ങൾ കൺസോർഷ്യത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ കണക്കെഴുത്തുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രജിസ്റ്ററിൽ വരവ് സംബന്ധിച്ച പൂർണമായ രേഖപ്പെടുത്തലുകൾ ഇല്ല. രസീത് ബുക്കിന്റെ 2021-22 വർഷത്തെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക്

ലഭ്യമാക്കിയില്ല. ആയതിനാൽ ഏതൊക്കെ രസീത് ബുക്കുകൾ ഏതൊക്കെ വാർഡുകൾക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല. ആവശ്യപ്പെട്ട രസീതു ബുക്കുകൾ എല്ലാം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഡി) മാർഗ്ഗരേഖ ക്രമ നം.12 പ്രകാരം ഹരിതകർമ്മസേന അംഗങ്ങൾക്കുള്ള പരാതിയും പ്രവർത്തനങ്ങൾക്കിടയിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ചർച്ച ചെയ്യുന്നതിനും പരിഹാരം കാണുന്നതിനും ഒരു പരാതി പരിഹാര സമിതി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കണം. അപ്രകാരം സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 56/19.11.22 ന് മറുപടി ലഭ്യമാക്കിയില്ല. ഹരിതകർമ്മസേനയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് .

## 1-31 നിർവ്വഹണ ഉദ്യോഗസ്ഥരുടെ ക്യാഷ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല

കേരള ട്രഷറി കോഡ് വാല്യം I ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിന് വേണ്ടി പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും, TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. കൂടാതെ, ജി.ഒ(പി)നം. 177/2006/ഫിൻ, തീയതി 12.04.2006 ലെ ഖണ്ഡിക നമ്പർ 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ്-ചെലവ് വിവരം രേഖപ്പെടുത്തുന്നതിനായി TR-7A ക്യാഷ് ബുക്കും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ്-ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി ഒരു സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് സെക്രട്ടറി, ഐസിഡിഎസ് സൂപ്പർവൈസർ, വിഇഒ സർക്കിൾ 1,2 എന്നിവർ നിർദ്ദിഷ്ട മാതൃകയിലുള്ള TR-7A ക്യാഷ് ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല. അസിസ്റ്റന്റ് സെക്രട്ടറി ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ലായെന്ന് അറിയിച്ചിട്ടുണ്ട്. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ വരവു ചെലവു വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി ക്യാഷ്ബുക്കായി ഉപയോഗിച്ചിരിക്കുന്നു. ഇപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ TR-7A ക്യാഷ് ബുക്ക് പരിപാലിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.40/17.11.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവു പാലിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവു ചെലവുകൾ, ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെ വരവു ചെലവുകൾ എന്നിവ എഴുതി സൂക്ഷിക്കേണ്ടതും ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും മാസാന്ത്യ സംക്ഷിപ്തം എഴുതി, കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്.

## 1-32 എസ് സി പി പ്രോജക്ട് - ലക്ഷ്യം കൈവരിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതി ബിരുദ ബിരുദാനന്തര പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം |
| പദ്ധതി നമ്പർ | 25/22 |
| പദ്ധതി അടങ്കൽ | 281650/- (വികസന ഫണ്ട് എസ് സി പി) |
| പദ്ധതി ചെലവ് | 281650/- (വികസന ഫണ്ട് എസ് സി പി) |
| ബിൽ നം./തീയതി | 01/23.11.21 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പഞ്ചായത്തിലെ 23 വാർഡുകളിൽ നിന്നും ഗ്രാമസഭ മുഖാന്തിരം തെരഞ്ഞെടുത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട 10 വിദ്യാർത്ഥികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. കെൽട്രോണിൽ നിന്നുള്ള 21.10.21 ലെ TVM/ITBG/RC/31224/20-21 നം. പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 10 ലാപ് ടോപ്പുകൾക്കുള്ള വിലയായി 281650 രൂപ കെൽട്രോണിന് അനുവദിച്ചിരുന്നു. തുക അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ 28.10.21 ലെ 3(1) നം.തീരുമാനത്തിൽ, സപ്ലൈ ചെയ്തിട്ടുള്ള 10 ലാപ് ടോപുകളുടെ പേയ്മെന്റ് നടത്താവുന്നതാണ് എന്ന് ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ കെൽട്രോണിനു നൽകിയിട്ടുള്ള 23.03.22 ലെ എ2/792/2022 നം. കത്ത് പ്രകാരം ലാപ് ടോപ് ലഭ്യമാക്കുന്നതിനുള്ള വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാൻ സാധിക്കാത്തതിനാൽ നൽകിയ തുക തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അറിയിച്ചിരിക്കുന്നു. തുക തിരികെ വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല. 11/21 ൽ തുക അനുവദിച്ചതിനു ശേഷം 4 മാസങ്ങൾക്കു ശേഷമാണ് തുക തിരികെ ആവശ്യപ്പെട്ടുക്കൊണ്ട് കെൽട്രോണിന് കത്ത് നൽകിയിരിക്കുന്നത്. കത്തിന്റെ അടിസ്ഥാനത്തിൽ 281650/- രൂപ 25.04.22 ൽ പഞ്ചായത്ത് തനത് ഫണ്ടിൽ തിരികെ വന്നിട്ടുണ്ട്. ഇപ്രകാരം, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതി അതിന്റെ ലക്ഷ്യം കൈവരിച്ചില്ല. കൂടാതെ, എസ് സി പി ഫണ്ടിൽ നിന്നും അനുവദിച്ച തുക തിരികെ തനത് ഫണ്ടിലേയ്ക്കാണ് വന്നിരിക്കുന്നത്. സർക്കാർ ഉത്തരവ് (കൈ)നം11/2018 ത.സ്വ.ഭ.വ. തീയതി.29.01.2018,

ഖണ്ഡിക 6.1.1 പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം ഫണ്ടുകൾ പാഴാക്കാൻ പാടില്ല. എന്നാൽ 2021-22 വർഷം വകയിരുത്തിയ 281650 രൂപ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവഴിച്ചിട്ടുണ്ടെങ്കിലും പട്ടികജാതി വിഭാഗത്തിന് പ്രയോജനപ്രദമായില്ല. മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.4/09.11.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം തനത് ഫണ്ടിൽ വന്നിട്ടുള്ള തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ അടയ്ക്കുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമുള്ളതിനാൽ ആയതിനുള്ള നടപടി സ്വീകരിച്ച് വരുന്നതായും മേൽ പ്രോജക്ടിലെ ആനുകൂല്യം ലഭിക്കാത്ത ഗുണഭോക്താക്കളെ 2022-23 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ളതായും അറിയിച്ചിരിക്കുന്നു. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-33 എസ് സി പെൺകുട്ടികൾക്ക് വിവാഹധനസഹായം - ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ പേര് | എസ് സി പെൺകുട്ടികൾക്ക് വിവാഹധനസഹായം |
| പദ്ധതി നമ്പർ | 26/22 |
| പദ്ധതി അടങ്കൽ | 95439/- (വികസന ഫണ്ട് പൊതുവിഭാഗം)<br>54561/- (വികസന ഫണ്ട് എസ് സി പി) |
| പദ്ധതി ചെലവ് | 95439/- (വികസന ഫണ്ട് പൊതുവിഭാഗം)<br>54561/- (വികസന ഫണ്ട് എസ് സി പി) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നമ്പർ/തീയതി | എസിആർ ബിൽ നം. 388/17.03.22 – 54,561/- രൂപ<br>എസിആർ ബിൽ നം. 390/17.03.22 – 75,000/- രൂപ<br>എസിആർ ബിൽ നം. 389/17.03.22 – 20,439/- രൂപ |

പ്രോജക്ട് രൂപീകരണഫോറം ക്രമ നം. 40 പ്രകാരം 'വിവാഹച്ചടങ്ങുകൾക്ക് 75000/- രൂപയിൽ കുറയാത്ത ചെലവുകളുടെ ബില്ല്' ആനുകൂല്യം ലഭിക്കുന്നതിനായി സമർപ്പിക്കേണ്ടതാണ്. എന്നാൽ ടി പദ്ധതി പ്രകാരം 75000/- രൂപ വീതം ആനുകൂല്യം ലഭിച്ച ചുവടെപ്പറയുന്ന 2 ഗുണഭോക്താക്കളുടെ അപേക്ഷകളോടൊപ്പവും പ്രസ്തുത ബില്ലുകൾ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | അപേക്ഷകന്റെ പേര് |
|---|---|
| 1 | സുജാത.സി, കനാൽ പുറമ്പോക്ക് വീട് |
| 2 | സതീശൻ.ജി, ഗ്രീഷ്മ ഭവൻ |

ചെലവ് ബില്ലുകളുടെ അഭാവത്തിൽ മേൽ വ്യക്തികൾക്ക് ധനസഹായം നൽകിയത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/10.11.22 ന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കൾ ഹാജരാക്കിയ ബില്ലുകളുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളതെന്നും ആയതിന്റെ പകർപ്പ് മറുപടിയോടൊപ്പം ഹാജരാക്കുന്നുവെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ബില്ലുകൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ, രേഖകൾ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകുന്നു. അല്ലാത്തപക്ഷം ധനസഹായമായി അനുവദിച്ച ആകെ 150000/- രൂപ തടസ്സപ്പെടുത്തുന്നതാണ്.

## 1-34 പാഥേയം പ്രോജക്ടുകളിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് 2021-22വർഷം നടപ്പിലാക്കിയ പാഥേയം പ്രോജക്ടുകൾ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

### 1-34-1 യഥാസമയം ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിൽ വീഴ്ച

| | |
|---|---|
| പദ്ധതിയുടെ പേര് | കറിനംകുളം ഗ്രാമപഞ്ചായത്ത് പാഥേയം (2019-20) തുക നൽകൽ - 2021-22 |
| പദ്ധതി നമ്പർ | 171/22 |
| പദ്ധതി അടങ്കൽ | 591920 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 591920 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

2019-20 ലെ പാഥേയം പ്രോജക്ടിന്റെ ഭാഗമായി വകയിരുത്തിയിരുന്ന ജില്ലാ പഞ്ചായത്ത് വിഹിതം യഥാസമയം ലഭിക്കാത്തതിനാൽ പ്രസ്തുത വർഷം പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ കുടുംബശ്രീ യൂണിറ്റുകൾക്ക് ചെലവായ തുകയിൽ ബാക്കി നൽകാനുള്ള തുക നൽകുന്നതിന് 2021-22 വർഷം പുതിയ പ്രോജക്ട് രൂപീകരിക്കുകയും വികസന

ഫണ്ടിൽ നിന്നും 591920 രൂപ ചെലവഴിക്കുകയും ചെയ്തിരിക്കുന്നു. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നുള്ള കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1. കുടുംബശ്രീ യൂണിറ്റുകൾ ആവശ്യപ്പെട്ടതും ജില്ലാ പഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാൽ നൽകാൻ കഴിയാതിരുന്നതുമായ 591920/- രൂപ ആവശ്യപ്പെട്ടുകൊണ്ട് 13.10.21 ൽ ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ 2019-20 ലെ വിഹിതമായി ലഭിക്കേണ്ട തുക ലഭ്യമാക്കുന്നതിന് 13.10.21 വരെ നടപടി സ്വീകരിക്കാതിരുന്നത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്.

2. 13.10.21 ന് നൽകിയ കത്തിന് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച മറുപടി പ്രകാരം 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ഗുണഭോക്തൃ പട്ടികകളുടെ കൂട്ടത്തിൽ കഠിനംകുളം ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്നില്ലായെന്നും ആയതിനാൽ ജില്ലാ പഞ്ചായത്ത് വിഹിതമായി ആവശ്യപ്പെട്ട തുക അനുവദിക്കാൻ നിർവ്വാഹമില്ലായെന്നും അറിയിച്ചിരുന്നു. അതായത് ടി വർഷങ്ങളിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിലെ പാഥേയം പ്രോജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റ് യഥാസമയം ജില്ലാ പഞ്ചായത്തിന് അയച്ചു നൽകുന്നതിൽ വീഴ്ച സംഭവിച്ചിരിക്കുന്നു. ആയതിനാലാണ് വിഹിതം ലഭിക്കാതിരുന്നത്.

3. ജില്ലാ പഞ്ചായത്തിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ 2021-22 വർഷം സ്പിൽ ഓവർ പദ്ധതിയിലെ പ്ലാൻ ഫണ്ട് വിഹിതത്തിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകുന്നതിന് കോ-ഓർഡിനേഷൻ കമ്മിറ്റിയോട് അഭ്യർത്ഥിക്കുന്നതിന് 01.10.2010 ലെ പഞ്ചായത്ത് കമ്മിറ്റി നം. 31(3) പ്രകാരം തീരുമാനിക്കുകയും 15.11.21 ന് കോ-ഓർഡിനേഷൻ കമ്മിറ്റിയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അനുമതി ലഭിച്ചുകൊണ്ടുള്ള കത്ത് ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.30/15.11.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകേണ്ടി വന്നതിനാലാണ് യഥാസമയം ഗുണഭോക്തൃ ലിസ്റ്റ് ജില്ലാപഞ്ചായത്തിന് അയച്ചു നൽകാൻ കഴിയാതിരുന്നത് എന്നറിയിച്ചിരിക്കുന്നു. എന്നാൽ 2019-20 സാമ്പത്തികവർഷം അവസാനം ഉണ്ടായ കോവിഡ് സാഹചര്യം മൂലമാണ് മേൽ പിഴവ് സംഭവിച്ചത് എന്ന മറുപടി തൃപ്തികരമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ വരാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34-2 ജില്ലാ പഞ്ചായത്ത് വിഹിതം യഥാസമയം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ പേര് | കഠിനംകുളം ഗ്രാമപഞ്ചായത്ത് പാഥേയം 2021-22 |
| പദ്ധതി നമ്പർ | 31/22 |
| പദ്ധതി അടങ്കൽ | 452080/- (വികസന ഫണ്ട് പൊതുവിഭാഗം)<br>1019520/- (ജില്ലാ പഞ്ചായത്ത് വിഹിതം) |
| പദ്ധതി ചെലവ് | 452080/- (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

അഗതികളും ഒരു നേരത്തെ ഭക്ഷണത്തിനു പോലും ബുദ്ധിമുട്ടുന്നവരുമായ 60 വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് കുടുംബശ്രീ വഴി ഒരു നേരത്തെ ഭക്ഷണവിതരണം നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും 40 : 60 അനുപാതത്തിൽ തുക വകയിരുത്തി തയ്യാറാക്കിയതാണ് പാഥേയം പ്രോജക്ട്. ആയതിനായി 2021-22 വർഷം ഗ്രാമപഞ്ചായത്ത് വിഹിതമായ 452080 രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ അനുവദിച്ചിരുന്നു. എന്നാൽ ജില്ലാ പഞ്ചായത്ത് വിഹിതമായി 1019520 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും സുലേഖ പ്രകാരം ചെലവ് നടന്നിട്ടുള്ളതായി കാണുന്നില്ല. പ്രസ്തുത തുക ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.30/15.11.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം നേരിട്ട് കുടുംബശ്രീയ്ക്ക് നൽകുന്നതിനാൽ മറ്റു നടപടികളൊന്നും പഞ്ചായത്ത് സ്വീകരിക്കുന്നില്ല എന്നറിയിച്ചിരിക്കുന്നു. 171/22 പ്രോജക്ടിലേത് പോലെ ഭാവിയിൽ ജില്ലാ പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്ത് വഹിക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിനായി ജില്ലാ പഞ്ചായത്ത് വിഹിതം യഥാസമയം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയാണ്. ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 ലൈഫ് ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ലൈഫ് ഭവനനിർമ്മാണം എസ് സി 2020-21 |
| പദ്ധതി നമ്പർ | 132/22 |
| പദ്ധതി അടങ്കൽ | 1000000 (വികസന ഫണ്ട് പൊതുവിഭാഗം)<br>3454000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>2090722 (ജില്ലാ പഞ്ചായത്ത് വിഹിതം) |

| | |
|---|---|
| പദ്ധതി ചെലവ് | 690000 (വികസന ഫണ്ട് പൊതുവിഭാഗം)<br>1100000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>870000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| നിർവഹണ ഉദ്യോഗസ്ഥൻ | വിഇഒ സർക്കിൾ 1 |

ലൈഫ് ഭവനനിർമ്മാണത്തിനായി 2021 വർഷം അഡ്വാൻസ് തുക കൈപ്പറ്റി പണി ആരംഭിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ വീട് നിർമ്മാണം നാളിതുവരെ പൂർത്തിയായിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|
| 1 | രാജേഷ്.ആർ/ജോയിമോൾ, ചിറയ്ക്കൽ | 360000 |
| 2 | സുരേഷ്/അർച്ചന സുരേഷ്, മണക്കാട്ടിൽ വീട് | 360000 |
| 3 | ഉഷ, ചിറയ്ക്കൽ ലക്ഷം വീട് | 360000 |
| 4 | സജീവൻ.ആർ, ചിറയ്ക്കകം ചരുവിളാകം | 360000 |

ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.33/16.11.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം വീട്ടുനമ്പർ ഇട്ടുവരുന്ന മുറയ്ക്കാണ് അവസാന ഗഡു തുക അനുവദിക്കുന്നതെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ വീട്ടു പണിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് മറുപടി നൽകിയിട്ടില്ല. ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 ഹരിതകർമ്മസേന പ്രോജക്ട് അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | ഹരിതകർമ്മസേന പ്രവർത്തനങ്ങൾ 2021-22 |
| പദ്ധതി നമ്പർ | 107/22 |
| പദ്ധതി അടങ്കൽ | 1066625 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 37941 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | വിഇഒ സർക്കിൾ 3 |

മേൽ പ്രോജക്ടിന്റെ ഭാഗമായി കുടുംബശ്രീ ജില്ലാ മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന പാറശ്ശാല അപ്പാരൻ പാർക്കിൽ നിന്നും ഹരിതകർമ്മസേന അംഗങ്ങൾക്ക് 450/- രൂപ നിരക്കിൽ 60 യൂണിഫോം വാങ്ങിയിരിക്കുന്നു. ആയതിന് 27000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പൊതുമാർക്കറ്റ്/ചന്ത എന്നിവിടങ്ങളിൽ നിന്നും പത്രപരസ്യം നൽകി ക്വട്ടേഷൻ/ടെണ്ടർ മുഖേനയാണ് വാങ്ങൽ നടത്തേണ്ടത് എന്ന് പ്രോജക്ട് രൂപീകരണ ഫോറം ക്രമ നം.33 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആയതിനുള്ള നടപടി സ്വീകരിക്കാതെ ഒരു സ്ഥാപനത്തിൽ നിന്ന് നേരിട്ട് പർച്ചേസ് നടത്തിയതിനുള്ള കാരണം വ്യക്തമല്ല. കൂടാതെ പ്രസ്തുത സ്ഥാപനം ക്വട്ടേഷൻ/ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനമാണെന്ന് സ്ഥാപനത്തിൽ നിന്നുള്ള കത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ആയതിനുള്ള രേഖ ലഭ്യമാക്കിയിട്ടില്ല.

മേൽ സ്ഥാപനത്തിൽ നിന്നും യൂണിഫോം പർച്ചേസ് ചെയ്യുന്നതിനുള്ള അനുമതി പഞ്ചായത്ത് കമ്മിറ്റി നൽകിയത് 25.03.22 ലെ സാധാരണ യോഗത്തിൽ ഇനം നം.5(6) പ്രകാരമാണ്. എന്നാൽ അതിനു മുൻപായി തന്നെ 22.01.22 ൽ സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നൽകുകയും 05.02.22 ന് സാധനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി തീരുമാനത്തിനു മുൻപായി തന്നെ തുക അനുവദിക്കുകയും ചെയ്തിരിക്കുന്നു.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.34/16.11.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പർച്ചേസ് നടത്തിയ സ്ഥാപനം ക്വട്ടേഷൻ/ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനമായതിനാലാണ് അപ്രകാരം പർച്ചേസ് നടത്തിയത് എന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ ക്വട്ടേഷൻ/ടെണ്ടർ മുഖേന വാങ്ങൽ നടത്താത്തതിനുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ 25.03.22 ലെ കമ്മിറ്റി തീരുമാനം 2022-23 ൽ നടത്തിയ പർച്ചേസുമായി ബന്ധപ്പെട്ടതാണെന്ന് മറുപടി നൽകിയിരിക്കുന്നു. അങ്ങനെയാണെങ്കിൽ 22.01.22 ന് പർച്ചേസ് ഓർഡർ നൽകി നടത്തിയ പർച്ചേസിന് അനുമതി നൽകിക്കൊണ്ടുള്ള കമ്മിറ്റി തീരുമാനം ലഭ്യമാക്കേണ്ടതാണ്.

## 1-37 ബില്ലും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല - 68,432/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | വ്യക്തിഗത കക്കൂസ് നവീകരണം (ശുചിത്വ മിഷൻ) 2020-21 |

| | |
|---|---|
| പദ്ധതി നമ്പർ | 135/22 |
| പദ്ധതി അടങ്കൽ | 108312 (വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്)<br>1871640 (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| പദ്ധതി ചെലവ് | 108312 (വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്)<br>215290 (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | വിഇഒ സർക്കിൾ 3 |

സുലേഖ ചെലവ് പത്രിക പ്രകാരം മേൽ പ്രോജക്ടിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നുള്ള ആകെ ചെലവ് 215290/- രൂപയാണ്. എന്നാൽ പ്രസ്തുത ഫണ്ടിൽ നിന്നുള്ള ആകെ 146858/- രൂപയുടെ ട്രഷറി ബില്ലുകളും ബന്ധപ്പെട്ട രേഖകളും മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. 68432/- രൂപയുടെ ചെലവ് ബിൽ, അനുബന്ധ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് സംബന്ധിച്ച മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

എ) അപേക്ഷകളിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പൂരിപ്പിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ബി) പദ്ധതി പൂർത്തീകരണത്തിന് ആധാരമായ ഫോട്ടോ അപേക്ഷകളോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.45/17.11.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഹാജരാക്കാത്ത 68432/- രൂപയുടെ ചെലവ് ബിൽ, അനുബന്ധ രേഖകൾ എന്നിവയുടെ വിവരം പ്രസ്തുത കാലയളവിൽ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ടെന്നും മറ്റ് അപാകതകൾ ഇനി ആവർത്തിക്കുകയില്ലെന്നും അറിയിച്ചിരിക്കുന്നു. ബിൽ, രേഖകൾ എന്നിവയുടെ അഭാവത്താൽ 68432/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-38 വാല്യുവേഷൻ തുകയിൽ നിന്നും അധികരിച്ച് നൽകിയ ധനസഹായം 100000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ന്യൂ ലൈഫ്-ലക്ഷം വീട് കോളനി നവീകരണം 2020-21 |
| പദ്ധതി നമ്പർ | 133/22 |
| പദ്ധതി അടങ്കൽ | 785000 (വികസന ഫണ്ട് എസ്.സി.പി)<br>1440000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| പദ്ധതി ചെലവ് | 785000 (വികസന ഫണ്ട് എസ്.സി.പി)<br>1440000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| നിർവഹണ ഉദ്യോഗസ്ഥൻ | വിഇഒ സർക്കിൾ 3 |

മേൽ സ്പിൽ ഓവർ പ്രോജക്ടിന്റെ ഭാഗമായി 2 ഗുണഭോക്താക്കൾക്ക് എൽഎസ്ജിഡി വിഭാഗം നൽകിയ വാല്യുവേഷൻ തുകയിൽ നിന്നും അധികരിച്ച് ധനസഹായം നൽകിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം തുക | അനുവദിച്ച തുക | | ആകെ |
|---|---|---|---|---|---|
| | | | 2021-22 വരെ (അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം) | 2021-22 ൽ (ട്രഷറി ബിൽ പ്രകാരം) | |
| 1 | മഞ്ജു.റ്റി.യു, പുതുവൽ വെള്ളമണൽ വീട് | 150000 | 120000 | 80000 | 200000 |
| 2 | ലളിത, ലളിത ഭവൻ | 150000 | 150000 | 50000 | 200000 |

ഇപ്രകാരം മേൽ ഗുണഭോക്താക്കൾക്ക് വാല്യുവേഷൻ തുകയിൽ നിന്നും അധികമായി 50000/- രൂപ വീതം ആകെ ഒരു ലക്ഷം രൂപ അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.44/17.11.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം വാല്യുവേഷൻ യഥാർത്ഥത്തിൽ 2 ലക്ഷത്തിന്റേതാണെന്നും വാല്യുവേഷൻ നൽകിയപ്പോൾ പിഴവ് മൂലം 150000/- രൂപയായി രേഖപ്പെടുത്തിയതാണെന്നും അറിയിച്ചിരിക്കുന്നു. പിഴവ് മൂലം വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ തെറ്റ് വന്നു എന്നത് അംഗീകരിക്കാവുന്നതല്ല. കൂടാതെ തെറ്റ് ശ്രദ്ധയിൽപ്പെട്ടപ്പോൾ മേൽ ഗുണഭോക്താക്കൾക്ക് 50000/- രൂപയുടെ വാല്യുവേഷൻ കൂടി നൽകിയതായി അറിയിക്കുകയും ആയതിന്റെ പകർപ്പ് ലഭ്യമാക്കുകയും ചെയ്തു. എന്നാൽ 50000/- രൂപയുടെ ഒരു വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ തീയതി 150000/- രൂപയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ തീയതിയ്ക്കും മുൻപുള്ളതാണ്. ഇതിൽ നിന്നും 50000 രൂപയുടെ വാല്യുവേഷൻ രണ്ടാമതായി നൽകിയതല്ല എന്ന് വ്യക്തമാണ്. പ്രസ്തുത സാഹചര്യത്തിൽ രണ്ടാമത്തെ വെറും 50000/- രൂപയുടെ വാല്യുവേഷൻ അംഗീകരിക്കാൻ കഴിയാത്തതിനാൽ വാല്യുവേഷൻ തുകയിൽ നിന്നും അധികരിച്ച് നൽകിയ ധനസഹായം തുകയായ

ആകെ 100000/- രൂപ (50000*2) തടസ്സപ്പെടുത്തുന്നു. തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-39 ഭവന പുനരുദ്ധാരണം പൂർത്തിയാക്കാത്തത് സംബന്ധിച്ച്

| | |
|---|---|
| പദ്ധതിയുടെ പേര് | ഭവന പുനരുദ്ധാരണം ജനറൽ 2021-22 |
| പദ്ധതി നമ്പർ | 85/22 |
| പദ്ധതി അടങ്കൽ | 6228994 (വികസന ഫണ്ട് പൊതുവിഭാഗം)<br>2971006 (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 6228994 (വികസന ഫണ്ട് പൊതുവിഭാഗം)<br>2071006 (തനത് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | വിഇഒ സർക്കിൾ 2 |

എ) മേൽ പദ്ധതിയുടെ ഗുണഭോക്താവായിരുന്ന ശ്രീ.ചന്ദ്രൻ.എൽ, താഴതിൽ വീട് എന്ന വ്യക്തിയ്ക്ക് ഒന്നാം ഗഡുവായി 50,000/- രൂപ ട്രഷറി ബിൽ നം. 8/07.01.22 പ്രകാരം അനുവദിച്ചിരുന്നെങ്കിലും പണി ആരംഭിക്കുന്നതിനു മുൻപായി ടിയാൾ മരണപ്പെട്ടതിനാൽ രണ്ടാം ഗഡു തുകയായ 50000/- രൂപ ടിയാളുടെ ഭാര്യയ്ക്ക് നൽകുന്നതിന് 27.01.22 ന് ചേർന്ന യോഗത്തിൽ പഞ്ചായത്ത് കമ്മിറ്റി 3(4) നം. പ്രകാരം തീരുമാനമെടുത്തിരുന്നു. എന്നാൽ ശ്രീ.ചന്ദ്രന് അനുവദിച്ചിരുന്നതും ടിയാളുടെ അക്കൗണ്ടിൽ ക്രെഡിറ്റായിട്ടുള്ളതുമായ അഡ്വാൻസ് തുകയായ ഉപയോഗിച്ച് വീട് പണി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. ആയതിനാൽ പ്രസ്തുത തുക സംബന്ധിച്ച് വ്യക്തത നൽകേണ്ടതും പണി ആരംഭിച്ചിട്ടില്ലെങ്കിൽ തുക തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതുമാണ്.

ബി) ഭവന പുനരുദ്ധാരണത്തിനായി അഡ്വാൻസ് തുക കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ വീടിന്റെ പണി നാളിതുവരെ പൂർത്തിയായിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|
| 1 | ചിത്രലേഖ, തുമ്പവിളാകത്ത് വീട് | 50000 |
| 2 | ഷഹർബാൻ, ചാപ്പിൽവീട് | 50000 |

പണി പൂർത്തിയാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിനും നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.47/18.11.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കളുടെ വീട് പുനരുദ്ധാരണം പൂർത്തിയാക്കാത്തത് സംബന്ധിച്ച് പരിശോധന നടത്തേണ്ടതും ആവശ്യമെങ്കിൽ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-40 ലൈഫ് ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല – തുക തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ പേര് | ലൈഫ് ഭവനനിർമ്മാണം ജനറൽ 2020-21 |
| പദ്ധതി നമ്പർ | 128/22 |
| പദ്ധതി അടങ്കൽ | 265756 (വികസന ഫണ്ട് പൊതുവിഭാഗം)<br>10300000 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>750000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>2345756 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| പദ്ധതി ചെലവ് | 265756 (വികസന ഫണ്ട് പൊതുവിഭാഗം)<br>2550000 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>750000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| നിർവഹണ ഉദ്യോഗസ്ഥൻ | വിഇഒ സർക്കിൾ 2 |

മേൽ സ്പിൽ ഓവർ പ്രോജക്ടിന്റെ ഭാഗമായി ലൈഫ് ഭവനനിർമ്മാണത്തിനായി അഡ്വാൻസ് തുക കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ വീടിന്റെ പണി നാളിതുവരെ പൂർത്തിയായിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | നാളിതുവരെ കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | സിമി ആന്റണി, തെരുവിൽ തൈവിളാകം | 40000 | 05.11.2019 ലാണ് തുക അനുവദിച്ചത്. 3 വർഷത്തിനുശേഷവും പണി ആരംഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| 2 | ലിജി യേശുദാസ്, അന്ന ഹൗസ് | 40000 | 25.02.20 ലാണ് തുക അനുവദിച്ചത്. നാളിതുവരെ പണി ആരംഭിച്ചിട്ടില്ല. |
| 3 | മോനിഷ/സനൽ കുമാർ, പുതുവൽ വീട് | 200000 | 14.01.22, 02.02.22, 22.02.22 തീയതികളിൽ തുക തിരികെ ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |

ക്രമ നം. 1, 2 എന്നിവ പ്രകാരമുള്ള ഗുണഭോക്താക്കളുടെ വീട് നിർമ്മാണം വർഷങ്ങൾക്കു ശേഷവും പൂർത്തിയാക്കാത്ത സാഹചര്യത്തിൽ തുക തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനും കൂടാതെ ക്രമ നം. 3 പ്രകാരമുള്ള ഗുണഭോക്താവിന് 3 തവണ നോട്ടീസ് നൽകിയിട്ടും തുക ഒടുക്കാത്ത സാഹചര്യത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണം നം.48/18.11.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക കൈപ്പറ്റി വർഷങ്ങൾക്കു ശേഷവും പണി ആരംഭിക്കുക പോലും ചെയ്യാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ടവരിൽ നിന്നും കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിന് റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 മരാമത്ത് പ്രവൃത്തി - പൊതുവായ അപാകതകൾ

1. 2021-22 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എല്ലാ മരാമത്ത് പ്രവൃത്തികളിലും 12% GST പ്രവൃത്തിമൂല്യത്തിൽ നിന്നും നൽകിയിട്ടുണ്ട്. സ.ഉ. (സാധാ) നം. 2532/2018/തസ്വഭവ, തീയതി 29.09.2018 പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം, GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സമർപ്പിക്കേണ്ട മാതൃകയും സർക്കാർ ഈ ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ നിർവ്വഹണ ഫയലുകളിലൊന്നും തന്നെ കരാറുകാരുടെ സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയിട്ടില്ല. കരാറുകാരുടെ GST നമ്പർ രേഖപ്പെടുത്തിയ സെൽഫ് ഡിക്ലറേഷൻ ഫോം ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 12/10.11.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും ഈ സാമ്പത്തിക വർഷം മുതൽ സെൽഫ് ഡിക്ലറേഷൻ ഫോം വാങ്ങി സൂക്ഷിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിരിക്കുന്നു. ആയത് നടപ്പിലാക്കേണ്ടതാണ്.

2. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 9 പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് ടെണ്ടർ രജിസ്റ്ററിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്ററിൽ ടി നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.61/19.11.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിപാലിക്കുന്നതിന് ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-42 യഥാസമയം കരാർ വച്ചില്ല – പിഴ തുക 11,655/- രൂപ ഈടാക്കിയില്ല

മരാമത്ത് പ്രവൃത്തികളിൽ സെലക്ഷൻ നോട്ടീസ് ലഭിച്ച് കഴിഞ്ഞ് 14 ദിവസത്തിനുള്ളിൽ കരാറുകാർ കരാർ വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കണം. എന്നാൽ ചുവടെ പറയുന്ന പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കരാറുകാരനിൽ നിന്നും പിഴ തുക ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

| പ്രോജക്ട് നം. | സെലക്ഷൻ നോട്ടീസ് തീയതി | കരാർ ഒപ്പു വെയ്ക്കേണ്ട തീയതി | കരാർ ഒപ്പു വെച്ച തീയതി | എം.ബുക്ക് നം. | കരാർ തുക | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 110/22 | 30.11.18 | 14.12.18 | 17.12.18 | 140(1)/2020-21 | 1165561.77 | 11655 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.61/19.11.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും പിഴ തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ബ്ലോക്ക് പഞ്ചായത്ത്

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് (റവന്യൂ) | 917884 | 4998125 | 5916009 | 4998125 | 811560 * |

2021-22 ൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച തുക

| ക്രമ നം. | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1. | ലൈഫ് ഭവന നിർമാണം എസ് സി 2020-21 | 1100000 |
| 2. | ലൈഫ് ഭവന നിർമാണം ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ലിസ്റ്റ് 2020-21 | 520000 |
| 3. | ലൈഫ് ഭവന നിർമാണം എസ് സി ഡിപ്പാർട്ട്മെന്റ് ലിസ്റ്റ് 2020-21 | 1300000 |
| 4. | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 1033125 |
| 5. | ലൈഫ് ഭവന നിർമാണം ജനറൽ2020-21 | 750000 |
| 6. | ക്ഷീരസമൃദ്ധി ജനറൽ | 295000 |
| | | 4998125 |

ജില്ലാ പഞ്ചായത്ത്

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|
| 214550 | 5953125 | 6167675 | 5953125 | 214550 |

2021-22 ൽ ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച തുക

| ക്രമ നം. | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1. | ലൈഫ് ഭവന നിർമാണം എസ് സി 2020-21 | 870000 |
| 2. | ന്യൂലൈഫ് ലക്ഷം വീട് കോളനി നവീകരണം 2020-21 | 1440000 |
| 3. | ന്യൂലൈഫ് പുതുവൽ എസ് സി കോളനി നവീകരണം 2021-22 | 1600000 |
| 4. | ലൈഫ് ഭവന നിർമാണം ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ലിസ്റ്റ് 2020-21 | 990000 |
| 5. | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 1033125 |
| 6. | ക്ഷീരസമൃദ്ധി ജനറൽ | 20000 |
| | | 5953125 |

* അപാകത ഖണ്ഡിക 1-2-1(14)കാണുക

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക

| നിർവഹണ ഏജൻസി | മുൻബാക്കി | മുൻകൂർ നൽകിയ തുക | | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|
| | | പദ്ധതിയുടെ പേര് | നൽകിയ തുക | | | |
| കെ.എസ്.ഇ.ബി | 4381242 | കഠിനംകുളം ഗ്രാമപഞ്ചായത്ത് സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (പദ്ധതി നം. 94), | 999460<br>3912290 | 9292992 | 0<br>0 | 9292992 |

| | | | | | | |
|---|---|---|---|---|---|---|
| | | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് (പദ്ധതി നം. 148), | | | | |
| കേരള വാട്ടർ അതോറിറ്റി | 4245521 | ഗ്രാമ പഞ്ചായത്ത് പൈപ്പ് ലൈൻ നീട്ടൽ (പദ്ധതി നം. 95) | 6091000 | 1033651 | 0 | 10336521 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലോൺ | 55846520 | 3270000 | 59116520 | 6614667 | 52501853 |

## 4-5 സ്ഥിര നിക്ഷേപം

| ബാങ്ക് | തുക | സർട്ടിഫിക്കറ്റ് നമ്പർ | നിക്ഷേപ തീയതി | മെച്യൂരിറ്റി തീയതി | പലിശ നിരക്ക് |
|---|---|---|---|---|---|
| ഇന്ത്യൻ ബാങ്ക് | 10000000 | 0288620 | 04.06.2021 | 05.06.2022 | 5.1% |
| ഇന്ത്യൻ ബാങ്ക് | 5000000 | 0288548 | 31.03.2021 | 02.04.2022 | 5.1% |
| യൂണിയൻ ബാങ്ക് | 11146199 | 410004 | 22.02.2021 | 13.01.2022 | 4.5% |

സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശം ഖണ്ഡിക 1-2-1(6) ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി.

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകൾ

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 4,70,55,922 |
| ഓഡിറ്റ് വർഷത്തെ വരവ് | 17,63,30,383 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 16,98,00,425 |
| നീക്കിയിരിപ്പ് | 5,35,85,880 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,52,44,996 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| നമ്പർ | | |
|---|---|---|
| 1-19 | 10,21,204 | ശ്രീ രാജേഷ് ജെ, സെക്രട്ടറി |
| 1-20 | 1,35,18,185 | ശ്രീ രാജേഷ് ജെ, സെക്രട്ടറി |
| 1-22 | 5,37,175 | ശ്രീ രാജേഷ് ജെ,സെക്രട്ടറി |
| 1-37 | 68,432 | ശ്രീമതി അൻസ എ ആർ, വി.ഇ.ഒ III |
| 1-38 | 1,00,000 | ശ്രീമതി അൻസ എ ആർ, വി.ഇ.ഒ III |
| ആകെ | 1,52,44,996 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാജേഷ് ജെ, സെക്രട്ടറി | സെക്രട്ടറി,<br>കഠിനംകുളം ഗ്രാമപഞ്ചായത്ത് | ETRA A21, ഏണിക്കര,<br>കരകുളം പി ഒ |
| ശ്രീമതി അൻസ എ.ആർ,<br>വി ഇ ഒ III | വി ഇ ഒ III<br>കഠിനംകുളം ഗ്രാമപഞ്ചായത്ത് | സുന്ദരം, കണിയാപുരം പി ഒ,<br>തിരുവനന്തപുരം |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | നം.കെ എസ് എ റ്റി വി എം/ജി പി 14/1825/22 തീ: 15.10.22 | 9 |
| 2007-08 | നം.കെ എസ് എ റ്റി വി എം/ജി പി 14/1825/22 തീ: 15.10.22 | 1 |
| 2008-09 | നം.കെ എസ് എ റ്റി വി എം/ജി പി 14/1825/22 തീ: 15.10.22 | 4 |
| 2009-10 | നം.കെ എസ് എ റ്റി വി എം/ജി പി 14/1825/22 തീ: 15.10.22 | 2 |
| 2011-12 | നം.കെ എസ് എ റ്റി വി എം/ജി പി 14/1825/22 തീ: 15.10.22 | 1 |
| 2014-15 | നം.കെ എസ് എ റ്റി വി എം/ജി പി 14/1825/22 തീ: 15.10.22 | 3 |
| 2015-16 | നം.കെ എസ് എ റ്റി വി എം/ജി പി 14/1825/22 തീ: 15.10.22 | 2 |
| 2016-17 | നം.കെ എസ് എ റ്റി വി എം/ജി പി 14/1825/22 തീ: 15.10.22 | 6 |
| 2017-18 | നം.കെ എസ് എ റ്റി വി എം/ജി പി 11/319/2019 തീ: 22.04.19 | 30 |
| 2018-19 | നം.കെ എസ് എ റ്റി വി എം/ജി പി 11/1067/2020 തീ: 19.11.20 | 36 |
| 2019-20 | നം.കെ എസ് എ റ്റി വി എം/ജി പി 11/1489/2021 തീ: 18.12.21 | 91 |

| | | |
|---|---|---|
| 2020-21 | നം.കെ എസ് എ റ്റി വി എം/ജി പി 11/1803/2021 തീ: 31.01.22 | 80 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്